
ശ്രീശങ്കരാചാര്യവിരചിത

ശിവാനന്ദലഹരി



പരിഭാഷ

മരുതൂർ പുരുഷോത്തമൻ

ശ്രീശങ്കരാചാര്യവിരചിത

ശിവാനന്ദലഹരി

പരിഭാഷ

മരുതൂർ പുരുഷോത്തമൻ

Malayalam
Sivanandalahari
by
Shri Sankaracharya
Translated by
Maruthoor Purushothaman
Copyright © 2025 Maruthoor Purushothaman
All rights reserved
Contact : mppn26@gmail.com

ശിവാനന്ദലഹരി

1

കലാഭ്യാം ചൂഡാലംകൃതശശികലാഭ്യാം നിജതപഃ
ഫലാഭ്യാം ഭക്തേഷു പ്രകടിതഫലാഭ്യാം ഭവതു മേ
ശിവാഭ്യാമസ്തോകത്രിഭുവനശിവാഭ്യാം ഹൃദി പുനർ-
ഭവാഭ്യാമാനന്ദസ്ഫുരദനുഭവാഭ്യാം നതിരിയം

സകലകലാസ്വരൂപികളായി, ശിരസ്സിൽ ചന്ദ്രക്കല ചൂടുന്നവരായി, സ്വന്തം തപോഫലങ്ങൾ ആശ്രിതരായ ഭക്തർക്കു നൽകുന്നവരായി, മൂന്നു ലോകങ്ങൾക്കും മംഗളദായകരായി, ഹൃദയത്തിൽ പരമാനന്ദാനുഭൂതി ഉണർത്തുന്ന ശിവശക്തികൾക്കു മുമ്പിൽ ഞാൻ നമസ്ക്കരിയ്ക്കുന്നു.

കലാകാരന്മാരായ്, ശശികല ചിരം ചൂടി, തപസദ്-
ഫലം ഭക്തർക്കേകി, ത്രിഭുവനശുഭാശംസികളുമായ്,
കുലാചാര്യന്മാരായ്, നിരുപമപരാനന്ദലഹരീ-
ബലത്തിൽ മോദിയ്ക്കും പരമശിവശക്തിയ്ക്കു തൊഴുകൈ!

2

ഗലന്തീ ശംഭോ ത്വച്ചരിതസരിതഃ കിൽബിഷരജോ
ദലന്തീ ധീകുല്യാസരണിഷു പതന്തീ വിജയതാം
ദിശന്തീ സംസാരഭ്രമണപരിതാപോപശമനം
വസന്തീ മച്ചേതോഹൃദഭുവി ശിവാനന്ദലഹരീ

നിന്റെ പുണ്യകഥകളിൽനിന്നു കിനിഞ്ഞിറങ്ങുന്ന നീർച്ചാലുകൾ സകല പാപങ്ങളേയും നശിപ്പിച്ചു ബുദ്ധിയുടെ കൈവഴികളിൽ ചെന്നുമുട്ടി സംസാരദുരിതങ്ങൾക്കു ശാന്തി നൽകുന്ന ശിവാനന്ദലഹരിയായി എന്റെ ഹൃദയതീരങ്ങളിൽ സദാ വന്നു പതിയ്ക്കട്ടെ!

കിനിഞ്ഞൂ നീർച്ചാലായ് ശിവകഥ, മനോപങ്കമഖിലം
പൊടിഞ്ഞൂ, വേദക്കൈവഴികളിലലിഞ്ഞൂ തരളമായ്,
തെളിഞ്ഞൂ സംസാരോദ്ഭവദുരിതശാന്തിയ്ക്കു വഴി, വ-
ന്നടിഞ്ഞൂ ശർവ്വാനുഗ്രഹലഹരിയെന്മാനസതടേ!

3

ത്രയീവേദ്യം ഹൃദ്യം ത്രിപുരഹരമാദ്യം ത്രിനയനം
ജടാഭാരോദാരം ചലദുരഗഹാരം മൃഗധരം
മഹാദേവം ദേവം മയി സദയഭാവം പശുപതിം
ചിദാലംബം സാംബം ശിവമതിവിഡംബം ഹൃദി ഭജേ

വേദവേദ്യനും ത്രിപുരവിജയിയും ആദ്യനും മുക്കണ്ണനും ഉരഗാഭരണനും ജടാധരനും കലാധരനും മഹാദേവനും ചിദാനന്ദകരനും പശുപതിയും ഉമാപതിയുമായി എന്നിൽ സദാ കരുണ ചൊരിഞ്ഞുകൊണ്ടിരിയ്ക്കുന്ന പരമശിവനെ ഞാൻ ഭജിയ്ക്കുന്നു!

കനൽക്കണ്ണും ചന്ദ്രക്കല,ജട,ഭുജംഗാഭരണനായ്
അനർത്ഥങ്ങൾ തീർക്കും ത്രിപുരഹരനായ്, വേദവിദനായ്
നിനയ്ക്കുന്തോറും നിന്നനുപമകൃപാനിർഭരമുഖം
മനക്കണ്ണിൽ കണ്ടേനരികിലുമയോട്ടും പശുപതേ!

4

സഹസ്രം വർത്തന്തേ ജഗതി വിബുധാഃ ക്ഷുദ്രഫലദാഃ
ന മന്യേ സ്വപ്നേ വാ തദനുസരണം തത്കൃതഫലം
ഹരിബ്രഹ്മാദീനാമപി നികടഭാജാമസുലഭം
ചിരം യാചേ ശംഭോ ശിവ തവ പദാംഭോജഭജനം

ഭക്തന്മാർക്കു നിസ്സാരഫലങ്ങൾ മാത്രം നൽകുന്ന ആയിരക്കണക്കിനു ദേവന്മാർ ഈ ലോകത്തുണ്ട്; അവരെ സേവിച്ചു വരം നേടാമെന്നു ഞാൻ സ്വപ്നത്തിൽപ്പോലും കരുതാറില്ല; മറിച്ച്, ത്രിമൂർത്തികൾക്കുപോലും അസുലഭമായ നിന്റെ പാദഭജനം മാത്രമേ ഞാൻ യാചിയ്ക്കുന്നുള്ളൂ!

വരം നൽകുന്നോരായിവിടെ പരദൈവങ്ങളിലൊരാ-
യിരം പേരിൽ പക്ഷേ, കനവിലുമെനിയ്ക്കില്ലൊരു ബലം!
ഹരിബ്രഹ്മാദ്യർക്കൊന്നരികിലണയാൻപോലുമരുതാ-
ത്തരം നിൻപാദാംഭോരുഹഭജനമൊന്നേ മമ വരം!

5

സ്മൃതൌ ശാസ്ത്രേ വൈദ്യേ ശകുനകവിതാഗാനഫണിതൌ
പുരാണേ മന്ത്രേ വാ സ്തുതിനടനഹാസ്യേഷ്വചതുരഃ
കഥം രാജ്ഞാം പ്രീതിർഭവതി മയി കോഹം പശുപതേ
പശും മാം സർവജ്ഞ പ്രഥിത കൃപയാ പാലയ വിഭോ!

സ്മൃതിയും ശാസ്ത്രവും വൈദ്യവും ശകുനവും കവിതയും സംഗീതവും നൃത്തവും അഭിനയവും മന്ത്രവും പുരാണവുമറിയാത്ത ഞാനെങ്ങനെ രാജപ്രീതി സമ്പാദിയ്ക്കും? ഞാനൊരു വെറും മൃഗമാണോ? സർവജ്ഞനായ പശുപതേ, നീതന്നെ എന്നെ ദയാപൂർവം പരിപാലിച്ചാലും!

ചരിത്രം, സംഗീതം, കവിത, ഗണിതം, വൈദ്യവിഷയം
നിരുക്തം, നൃത്തം, തെല്ലിവകളിലെനിയ്ക്കില്ല വിവരം
വരിച്ചില്ലാ രാജപ്രിയപദവി,- ഞാനെന്തൊരു മൃഗം!
ഹരിച്ചാലും നീയെൻ മതിജഡത സർവജ്ഞ സദയം!

6

ഘടോ വാ മൃത്പിണ്ഡോപ്യണുരപി ച ധൂമോഗ്നിരചലഃ
പടോ വാ തന്തുർവാ പരിഹരതി കിം ഘോരശമനം?
വൃഥാ കണ്ഠക്ഷോഭം വഹസി തരസാ തർക്കവചസാ
പദാംഭോജം ശംഭോർഭജ പരമസൌഖ്യം വ്രജ സുധീഃ

കുടം മണ്ണോ കല്ലോ, മലയിൽ കാണുന്നതു പുകയോ മഞ്ഞോ, വസ്ത്രം നൂലോ പാവോ എന്നിങ്ങനെയുള്ള തർക്കവിതർക്കങ്ങൾ മരണഭയത്തിനു പരിഹാരമല്ല; ഈ വിടുവായത്തത്തിനു പകരം വിവേകികൾ ശിവപദം ഭജിച്ചു മോക്ഷം നേടുകയാണു ചെയ്യുന്നത്.

കുടം മണ്ണോ കല്ലോ, മലയിലെരിതീയോ മഞ്ഞുകണമോ,
പടം നൂലോ പാവോ - മൃതിഭയമൊട്ടു ക്കാതിതുവിധം
മുടന്തൻ ന്യായങ്ങൾ നിരവധി നിരത്തുന്ന വിടുവാ-
യിടങ്ങൾക്കുള്ളിൽനിന്നൊഴിവു ശിവനേ നിൻ പദയുഗം!

7

മനസ്തേ പാദാബ്ജേ നിവസതു വചഃ സ്തോത്രഫണിതൌ
കരൌ ചാഭ്യർച്ചായാം ശ്രുതിരപി കഥാകർണ്ണനവിധൌ
തവ ധ്യാനേ ബുദ്ധിർനയനയുഗലം മൂർത്തിവിഭവേ
പരഗ്രന്ഥാൻ കൈർവാ പരമശിവ ജാനേ പരമതഃ

മനസ്സ നിന്റെ പാദങ്ങളിലും നാവ് നാമജപത്തിലും കൈകൾ പൂജയിലും ചെവി കഥകളിലും കണ്ണുകൾ ര്രൂപത്തിലും ബുദ്ധി ധ്യാനത്തിലും മുഴുകി സമയം സദാ കഴിയ്ക്കുന്ന ഞാനെങ്ങനെ ഇനി പുസ്തകങ്ങൾ വായിച്ച നിന്നെ മനസ്സിലാക്കും?

മനം നിൻ പാദത്തിൽ രസന ശിവനാമത്തി,ലിരു കൈ
ദിനന്തോറും പൂജാവിധിയി, ലിരുകണ്ണും സുതനുവിൽ
സനാഥദ്ധ്യാനത്തിൽ ധിഷണ, കഥ കർണ്ണങ്ങളിലുമാ-
യിനി ഗ്രന്ഥം നോക്കാനപരമറിവെന്തുണ്ടു ഭഗവൻ?

8

യഥാ ബുദ്ധിഃ ശുക്തൌ രജതമിതി കാചാശ്മനി മണിർ-
ജലേ പൈഷ്ടേ ക്ഷീരം ഭവതി മൃഗതൃഷ്ണാസു സലിലം
തഥാ ദേവഭ്രാന്ത്യാ ഭജതി ഭവദന്യം ജഡജനോ
മഹാദേവേശം ത്വാം മനസി ച ന മത്വാ പശുപതേ

കക്കത്തോട് വെള്ളിയും, പളുങ്കുചില്ല മുത്തും, ധാന്യമാവ് പാലും, മൃഗതൃഷ്ണ ജലവുമായി തെറ്റിദ്ധരിക്കുന്നതുപോലെ മന്ദന്മാർ പലരേയും ദേവന്മാരായി കണ്ടു ഭജിയ്ക്കുന്നു. മഹാദേവനായ നിന്നെ മാത്രം അവർ പക്ഷേ മനസ്സിലാക്കുന്നില്ല!

പളുങ്കിൽ മാണിക്യം, രജതമണി കക്കപ്പൊളിയി,ലൂ-
ഷ്മളം വെള്ളം കാനൽത്തിരയി,ലരിമാവിൽ ദധിരസം
ജളന്മാരീവണ്ണം ശിവമഹിമയോരാതെ ഹൃദി നിഷ്-
ക്കളങ്കം സേവിപ്പൂ കപടവരദാതാക്കളെ സദാ!

9

ഗഭീരേ കാസാരേ വിശതി വിജനേ ഘോരവിപിനേ
വിശാലേ ശൈലേ ച ഭ്രമതി കുസുമാർത്ഥം ജഡമതിഃ
സമർപ്പൈ്യകം ചേതഃ സരസിജമുമാനാഥ ഭവതേ
സുഖേനാവസ്ഥാതും ജന ഇഹ ന ജാനാതി കിമഹോ!

അഗാധമായ കയങ്ങളിലും വിജനമായ വനങ്ങളിലും വിശാലമായ മല നിരകളിലും ഒരു പൂവ് തേടി പാഞ്ഞു നടക്കുന്ന മന്ദന്മാർ സ്വന്തം ഹൃദയമാകുന്ന താമരപ്പൂ നിന്റെ മുമ്പിൽ സമർപ്പിച്ച് മോക്ഷം നേടാത്ത തെന്താണെന്ന് എനിയ്ക്കു തീരെ മനസ്സിലാകുന്നില്ല.

വിശാലം ശൈലങ്ങൾ, വിജനവിപിനങ്ങൾ, വിപുലമാ-
മശേഷം തീർത്ഥങ്ങൾക്കിടയിലൊരു പൂ തേടിയവശം
നശിയ്ക്കുന്നോരെന്തേ സ്വഹൃദയ സരോജാർച്ചനവശാൽ
വശത്താക്കുന്നില്ലാ പരമശിവപാദത്തിലഭയം?

10

നരത്വം ദേവത്വം നഗവനമൃഗത്വം മശകതാ
പശുത്വം കീടത്വം ഭവതു വിഹഗത്വാദി ജനനം
സദാ ത്വത്പാദാബ്ജസ്മരണപരമാനന്ദലഹരീ-
വിഹാരാസക്തം ചേത്ഹൃദയമിഹ കിം തേന വപുഷാ?

സദാ സമയവും നിന്റെ പാദങ്ങൾതന്നെ ചിന്തിച്ച് പരമാനന്ദം നുകരാമെങ്കിൽ മനുഷ്യൻ, ദേവൻ, വന്യമൃഗം, വളർത്തുമൃഗം, പക്ഷി, പ്രാണി, കൃമികീടങ്ങൾ തുടങ്ങി ഏതു യോനിയിൽ ജനിച്ചാലും ഏതു രൂപം ധരിച്ചാലും എനിയ്ക്കെന്ത്?

നരൻ, ദേവൻ, ജന്തുപ്രകൃതി, കൃമി,കീടങ്ങളിവയാ-
യൊരുങ്ങും ജന്മങ്ങൾക്കുചിതമൊരരങ്ങാണു ജനനം!
പുരാരേ നിൻപാദസ്മരണ മരണാസന്നനിമിഷം
വരേയ്ക്കുണ്ടാമെങ്കിൽ തനുമനവഴിയ്ക്കെന്തു പിഴയോ?

11

വടുർവാ ഗേഹീ വാ യതിരപി ജടീ വാ തദിതരോ
നരോ വാ യഃ കശ്ചിത്ഭവതു ഭവ കിം തേന ഭവതി
യദീയം ഹൃത്പത്മം യദി ഭവദധീനം പശുപതേ
തദീയസ്ത്വം ശംഭോ ഭവസി ഭവഭാരം ച വഹസി

ബ്രഹ്മചാരിയോ ഗൃഹസ്ഥനോ വാനപ്രസ്ഥനോ സന്യാസിയോ സാധാരണക്കാരനായൊരു മനുഷ്യനോ ആരുമാകട്ടെ, സ്വന്തം ഹൃദയമാകുന്ന താമരപ്പൂ നിന്റെ മുമ്പിൽ കാഴ്ച വെയ്ക്കുന്നവരുടെ ദുഃഖങ്ങൾ സകലതും നീയേറ്റെടുത്തു പരിഹാരമുണ്ടാക്കുന്നുണ്ടല്ലോ!

യുവാവോ ഭർത്താവോ വികടവടുവോ യോഗിവരനോ
പവിത്രാത്മാവാം മറ്റൊരുവനവനേതേതു പദമോ
ഭവിയ്ക്കട്ടേ, നിന്നിൽ ഹൃദയസുമമർപ്പിച്ചവരെ നീ
ഭവക്ളേശം നീക്കി വ്യസനമൊഴിവാക്കുന്നു സതതം!

12

ഗുഹായാം ഗേഹേ വാ ബഹിരപി വനേ വാദ്രിശിഖരേ
ജലേ വാ വഹ്നൌ വാ വസതു വസതേഃ കിം വദ ഫലം
സദാ യസ്യൈവാന്തഃകരണമപി ശംഭോ തവ പദേ
സ്ഥിതം ചേദ്യോഗോസൌ സ ച പരമയോഗീ സ ച സുഖീ!

ഗുഹയിലോ വീട്ടിലോ തുറന്ന വനപ്രദേശത്തോ മലയിലോ ജലത്തിലോ തീയിലോ താമസിയ്ക്കുന്നതിൽ എന്താണൊരു വ്യത്യാസം തോന്നാനുള്ളത്? സദാ സമയവും നിന്റെ പാദങ്ങളിൽ ഹൃദയമർപ്പിച്ചു ധ്യാനിയ്ക്കുന്നവർ പരമാനന്ദലഹരി അനുഭവിയ്ക്കുകതന്നെ ചെയ്യും!

വനത്തിൽ, വെള്ളത്തിൽ, വിജനമരുഭൂവിൽ, മലകളിൽ,
കനൽച്ചൂളയ്ക്കുള്ളിൽ കഴിയുവതിലെന്തുണ്ടപചയം?
മനസ്സിൽ ശംഭോ നിൻ കഴലിണ സദാ നിർന്നിമിഷമായ്
നിനയ്ക്കുന്നോർക്കെന്നും നിരുപമസുഖാനന്ദലഹരി!

13

അസാരേ സംസാരേ നിജഭജനദൂരേ ജഡധിയാ
ഭ്രമന്തം മാമന്ധം പരമകൃപയാ പാതുമുചിതം
മദന്യഃ കോ ദീനസ്തവ കൃപണരക്ഷാതിനിപുണ-
സ്ത്വദന്യഃ കോ വാ മേ ത്രിജഗതി ശരണ്യഃ പശുപതേ!

സംസാരദുഃഖങ്ങളിൽ മുഴുകി കുരുടനും മന്ദനുമായി നിന്നിൽനിന്നകന്നു കഴിയുന്ന എന്നെ നീ ദയാപൂർവം പാലിച്ചാലും! നിന്റെ ദയയ്ക്കു പാത്രമായി ഇവിടെ ദീനനായ ഞാനല്ലാതെ മറ്റാരുണ്ട്? ഈ മൂന്നു ലോകങ്ങളിലും നിന്നെയല്ലാതെ മറ്റാരെയാണു ഞാൻ സേവിക്കേണ്ടത്?

ദുരന്തങ്ങൾമൂലം മതിജഡത ബാധിച്ചകലെ സ-
ഞ്ചരിക്കുന്നെന്നിൽ നീ ചൊരിയുക ദയാദൃഷ്ടി സതതം!
ദരിദ്രൻ ഞാനല്ലാതിനിയൊരുവനില്ലാർത്തിവശനായ്
ശരണ്യൻ നീയല്ലാതുലകിലിനിയില്ലാർത്തിഹരനും!

14

പ്രഭുസ്ത്വം ദീനാനാം ഖലു പരമബന്ധുഃ പശുപതേ
പ്രമുഖ്യോഽഹം തേഷാമപി കിമുത ബന്ധുത്വമനയോഃ
ത്വയൈവ ക്ഷന്തവ്യാഃ ശിവ മദപരാധാശ്ച സകലാഃ
പ്രയത്നാത്കർത്തവ്യം മദവനമിയം ബന്ധുസരണിഃ

നിരാലംബരുടെ ആശ്രയവും ബന്ധുവുമായ നിനക്കു പരമദീനനായ എന്നെ തീരെ അറിഞ്ഞുകൂടാത്തതല്ലല്ലോ! ഈ ബന്ധുത്വം കണക്കാക്കിയെങ്കിലും എന്റെ സകല അപരാധങ്ങളും ക്ഷമിച്ച്, എന്നെ ദയാപൂർവം രക്ഷിക്കാൻ പ്രയത്നിച്ചാലും!

നിരാലംബർക്കാത്മപ്രിയസഖി സദാ നീയതുവഴി-
യ്ക്കൊരേ ബന്ധുത്വം ഞാനവരിലതിദീനൻ പശുപതേ!
ദുരാചാരം ചെയ്തേനനവധിയതെല്ലാമിനി നിര-
ന്തരം മാപ്പാക്കിത്തന്നിവനിളവു നൽകാവു സദയം!

15

ഉപേക്ഷാ നോ ചേത് കിം ന ഹരസി ഭവദ്ധ്യാനവിമുഖാം
ദുരാശാഭൂയിഷ്ഠാം വിധിലിപിമശക്തോ യദി ഭവാൻ
ശിരസ്തദ്വൈധാത്രം ന നഖലു സുവൃത്തം പശുപതേ
കഥം വാ നിര്യത്നം കരനഖമുഖേനൈവ ലുലിതം!

എന്നോടൊരു ഉപേക്ഷാഭാവമില്ലെങ്കിൽ പിന്നെയെന്താണ നീ ദുരാഗ്ര ഹംമൂലം ശിവദ്ധ്യാനവിമുഖനായ എന്റെ ശിരോലിഖിതം മായ്ച്ച കള യാത്തത്? നിനക്കതിന കഴിവില്ലെങ്കിൽ എങ്ങനെയാണ നീ പണ്ടു ബ്രഹ്മാവിന്റെ ശിരസ്സ വെറും കൈനഖംകൊണ്ടു നുള്ളിക്കളഞ്ഞത്?

നിനക്കില്ലെന്നോടിന്നവഗണനയെന്നാലിനിയുമെ-
ന്തനാഥത്വം തീർത്തെൻ തലവര തിരുത്താത്തതു വിഭോ?
തനിച്ചാവില്ലെന്നാൽ വിധിയുടെ ശിരസ്സൊന്ന വിരലാ-
ലനായാസം നുള്ളിപ്പിഴുത കഥ നിൻ ശ്രദ്ധനണയോ?

16

വിരിഞ്ചിഃ ദീർഘായുർഭവതു ഭവതാ തത്പരശിര-
ശ്ചതുഷ്കം സംരക്ഷ്യം സ ഖലു ഭുവി ദൈന്യം ലിഖിതവാൻ
വിചാരഃ കോ വാ മാം വിശദ കൃപയാ പാതി ശിവ തേ
കടാക്ഷവ്യാപാരഃ സ്വയമപി ച ദീനാവനപരഃ

ബ്രഹ്മാവ് ചിരായുസ്സാവട്ടെ! ലോകത്തിന ദുരിതം വിധിക്കുന്ന ബാക്കി നാലു ശിരസ്സുകളും നിന്റെ രക്ഷയിലാവട്ടെ! അദ്ദേഹം എഴുതിവെച്ച ദുര ന്തങ്ങളുടെ പേരിൽ ദീനരായ ഞങ്ങൾക്കു നിന്റെ ദയാദൃഷ്ടി സമാശ്വാ സമാകുമ്പോൾ ഞങ്ങളെന്തിന വെറുതെ വ്യാകുലപ്പെടണം?

ജനങ്ങൾക്കോരോരോ ദുരിതമെഴുതാൻ നാലു മുഖമോ-
ടനന്തായുസ്സായ് നിന്നരികെ വിധി വാഴട്ടെ സസുഖം!
നിനയ്ക്കുന്തോറും നിന്നതിശയദയാവായ്പ്പിലവശ-
നെനിയ്ക്കെന്തിന്നാശാഭവഭയവിചാരം പശുപതേ?

17

ഫലാദ്വാ പുണ്യാനാം മയി കരുണയാ വാ ത്വയി വിഭോ
പ്രസന്നേപി സ്വാമിൻ ഭവദമലപാദാബ്ജയുഗലം
കഥം പശ്യേയം മാം സ്ഥഗയതി നമഃ സംഭ്രമജ്ജുഷാം
നിലിമ്പാനാം ശ്രോണിർനിജകനകമാണിക്യമകുടൈഃ?

പൂർവപുണ്യഫലമോ കരുണയോ മൂലം നീയെന്നോടു പ്രസന്നനായി ദയ കാണിയ്ക്കുന്നുണ്ടെങ്കിലും, നിന്റെ മുമ്പിൽ ആദരവർപ്പിച്ചു നമസ്കരിയ്ക്കുന്ന ദേവന്മാരുടെ കിരീടത്തിലെ മുത്തുമണികൾകൊണ്ടു മറഞ്ഞിരിയ്ക്കുന്ന പാദകമലങ്ങൾ എനിയ്ക്കെങ്ങനെ നേരിട്ടു കാണാൻ കഴിയും?

പുരാപുണ്യത്താലോ ഗുരുകരുണയാലോ മുദിതനായ്
പുരാരാതിയ്ക്കെന്നിൽ സ്വയമൊരനുതാപം വരികിലും
സുരേശന്മാർ ചൂടും മകുടമണിരത്നങ്ങളിലൊളി-
ഞ്ഞിരിയ്ക്കും നിൻപാദാംബുജയുഗമെനിയ്ക്കെന്നു തെളിയും?

18

ത്വമേകോ ലോകാനാം പരമഫലദോ ദിവ്യപദവീം
വഹന്തസ്ത്വന്മൂലം പുനരപി ഭജന്തേ ഹരിമുഖാഃ
കിയദ്വാ ദാക്ഷിണ്യം തവ ശിവ മദാശാ ച കിയതീ
കദാ വാ മദ്രക്ഷാം വഹസി കരുണാപൂരിതദൃശാ?

മൂന്നു ലോകങ്ങൾക്കും മോക്ഷദായകനാണു നീ; നിന്റെ സഹായം മൂലം ദിവ്യപദവിയിലെത്തിയ വിഷ്ണുവും മറ്റും നിന്നെത്തന്നെ വീണ്ടും ഭജിച്ചുപോരുന്നു. നിന്റെ ദയയോളം എന്റെ മോഹവും വളർന്നു വരുന്നു. നീയെന്നാണു കരുണാകടാക്ഷം വഴി എന്നെ രക്ഷിയ്ക്കുന്നത്?

ജനങ്ങൾക്കെന്നും നീ പരമപദവിയ്ക്കുള്ള പടിയാ-
ണനേകം ദേവന്മാർ ശിവഭജനമിന്നും തുടരുവോർ!
നിനക്കെത്രെയ്ക്കുണ്ടോ കരുണയതിനത്രയ്ക്കു ദുരയു-
ണ്ടെനിയ്ക്കും നീയെന്നെന്നരികിലനുകമ്പാർദ്രമണയും?

19

ദുരാശാഭൂയിഷ്ഠേ ദുരധിപഗൃഹദ്വാരഘടകേ
ദുരന്തേ സംസാരേ ദുരിതനിലയേ ദുഃഖജനകേ
മദായാസം കിം ന വ്യപനയസി കസ്യോപകൃതയേ
വദേയം പ്രീതിശ്ചേത്തവ ശിവ കൃതാർത്ഥാഃ ഖലു വയം!

ദുരാഗ്രഹികളായ ദുഷ്ടന്മാരുടെ വീടുകൾ കയറിയിറങ്ങി ദുരിതമയമായ ജീവിതത്തിൽ കിടന്നുഴലുന്ന എന്റെ ആയാസം ശമിപ്പിയ്ക്കാതെ നീയാരെയാണു സഹായിയ്ക്കുന്നത്? അഥവാ അതാണു നിന്റെ ഇഷ്ടമെങ്കിൽ ഞാനതിൽ സ്വയം കൃതാർത്ഥനായ്ക്കൊള്ളാം!

മദിയ്ക്കും മോഹങ്ങൾ, മണിസദനദാസ്യങ്ങളറിയാ-
തുദിയ്ക്കും മാത്സര്യഭ്രമണഗതിവേഗങ്ങളതിനാൽ
മദായാസം തീർക്കാതപരനുപകാരോത്സുകതയോ
സദാനന്ദൻ നിന്നാലഭിമതമതെങ്കിൽ സുകൃതി ഞാൻ!

20

സദാ മോഹാടവ്യാം ചരതി യുവതീനാം കുചഗിരൗ
നടത്യാശാശാഖാസ്വടതി ഝടിതി സ്വൈരമഭിതഃ
കപാലിൻ ഭിക്ഷോ മേ ഹൃദയകപിമത്യന്തചപലം
ദൃഢം ഭക്ത്യാ ബദ്ധ്വാ ശിവ ഭവദധീനം കുരു വിഭോ!

സദാസമയവും മോഹങ്ങളുടെ വനങ്ങളിൽ അലഞ്ഞു നടന്നു യുവതികളുടെ സൗന്ദര്യത്തിൽ മയങ്ങി ആഗ്രഹങ്ങളുടെ വൃക്ഷശാഖകളിൽ ചാടിക്കളിയ്ക്കുന്ന എന്റെ ഹൃദയമാകുന്ന വാനരത്തെ ഭക്തിക്കയറിൽ ബന്ധിച്ചു നിന്റെ പാദസേവ ചെയ്യാൻ തക്ക വിധം സ്വാധീനത്തിലാക്കിയാലും!

പെരുങ്കാട്ടിൽ മോഹം മധുരഫലമായ് മൂത്തു വിളയും
തരുക്കൾക്കുച്ചത്തിൽ ചടുലഗതി ചാടിക്കയറിയും
തരത്തിൽ തേൻചോരും വിഷയരസമുണ്ണുമ്പൊഴുതു നീ
കുരുക്കാവൂ ഭക്തിക്കയറിലുടനെൻ വാനരമനം!

21

ധൃതിസ്തംഭാധാരാം ദൃഢഗുണനിബദ്ധാം സഗമനാം
വിചിത്രാം പത്മാഢ്യാം പ്രതിദിവസസന്മാർഗഘടിതാം
സ്മരാരേ മച്ചേതഃസ്ഫുടപടകുടീം പ്രാപ്യ വിശദാം
ജയ സ്വാമിൻ ശക്ത്യാ സഹ ശിവഗണൈഃ സേവിത വിഭോ!

സന്മാർഗത്തിന്റെ പാതയിൽ, മന:സ്ഥൈര്യം തൂണും നിശ്ചയദാർഢ്യം കയറും നിഷ്കളങ്കത മേലാപ്പുമാക്കി താമരപ്പൂപോലെ സുന്ദരമായി പണിത എന്റെ മന:കൂടാരത്തിൽ ശക്തിരൂപിണിയായ ദേവിയും സേവകരായ ഭൂതങ്ങളോടുംകൂടി പ്രവേശിയ്ക്കുന്ന നീ വിജയിയ്ക്കട്ടെ!

സ്ഥിതസ്ഥൈര്യം തൂണും, ദൃഢത കയറും, നിർമ്മലമനോ-
വിതാനം മേലാപ്പും സുഗമഗതിയാം പാതകളുമായ്
സുതാര്യം ശംഭോ മദ്സഹൃദയഗൃഹത്തിൽ പ്രിയസഖീ-
സുതന്മാരും ഭൂതപ്രഭൃതികളുമായ് വാഴ്ക സസുഖം!

22

പ്രലോഭാദ്യൈരർത്ഥാഹരണപരതന്ത്രോ ധനിഗൃഹേ
പ്രവേശോദ്യുക്തസ്സൻ ഭ്രമതി ബഹുധാ തസ്കരപതേ
ഇമം ചേതശ്ചോരം കഥമിഹ സഹേ ശങ്കര വിഭോ
തവാധീനം കൃത്വാ മയി നിരപരാധേ കുരു കൃപാം!

പ്രഭുഗൃഹങ്ങളിൽ പ്രവേശിച്ച് പ്രലോഭനങ്ങൾ പറഞ്ഞു പരധനം എങ്ങനെ കൈക്കലാക്കാമെന്നു ചിന്തിയ്ക്കുന്ന തസ്കരതുല്യനായ ഈ ഹൃദയത്തെ എനിയ്ക്കു സഹിയ്ക്കാനാവുന്നില്ല! കുടിലനായ ഈ കള്ളനെ ബലാൽക്കാരേണ കീഴടക്കി നീയെന്നെ നിരപരാധിയായി വിധിച്ചാലും!

പറഞ്ഞും പറ്റിച്ചും പരധനഗൃഹം തോറുമിരവിൽ
കറങ്ങിത്തക്കം പാർത്തുഴറുമൊരു മോഷ്ടാവിവനുമായ്
പൊറുക്കാനാവില്ലെൻ മനമിവനെ ഭക്തിച്ചരടിനാൽ
കുരുക്കാവൂ നീയെൻ പിഴവുമൊഴിവാക്കാവൂ സദയം!

23

കരോമി ത്വത്പൂജാം സപദി സുഖദോ മേ ഭവ വിഭോ
വിധിത്വം വിഷ്ണുത്വം ദിശസി ഖലു തസ്യാഃ ഫലമിതി
പുനശ്ച ത്വാം ദ്രഷ്ടും ദിവി ഭുവി വഹൻ പക്ഷിമൃഗതാ-
മദൃഷ്ട്വാ തത്ഖേദം കഥമിഹ സഹേ ശങ്കര വിഭോ?

നിന്നെ സദാ പൂജിയ്ക്കുന്ന എനിയ്ക്കു നീ ഹരിബ്രഹ്മാക്കൾക്കു നൽകിയ അതേ പക്ഷിമൃഗത്വമായിരിയ്ക്കാം വരമായി നൽകാൻ പോകുന്നത്! അപ്പോൾ ആകാശത്തും ഭൂമിയിലും അലഞ്ഞു നടന്നു നിന്നെ കാണാനാവാതെ വരുമ്പോൾ ഉണ്ടാകുന്ന സങ്കടം ഞാനെങ്ങനെ സഹിയ്ക്കും?

ഹരദ്ധ്യാനം ചെയ്യുന്നിവനു വരമായ് നീ മധുരിപൂ-
വിരിഞ്ചത്വം തന്നാൽ ദിവിഭുവികളിൽ പക്ഷിമൃഗമായ്
പരം നിന്നെത്തേടിത്തിരയുമവസാനം വിഫലമായ്
വരുമ്പോഴുണ്ടാകും വ്യസനമതസഹ്യം പശുപതേ!

24

കദാ വാ കൈലാസേ കനകമണിസൌധേ സഹഗണൈഃ
വസൻ ശംഭോരഗ്രേ സ്ഫുടഘടിതമൂർദ്ധാഞ്ജലിപുടഃ
വിഭോ സാംബ സ്വാമിൻ പരമശിവ പാഹീതി നിഗദൻ
വിധാതൃണാം കൽപാൻ ക്ഷണമിവ വിനേഷ്യാമി സുഖതഃ!

കൈലാസത്തിലെ ഭൂതഗണങ്ങൾക്കു നടുവിൽ പാർവതീസമേതനായ പരമശിവനു മുമ്പിൽ തലയ്ക്കു മേലേ കൂപ്പുകൈകളുമായി എന്നെ രക്ഷിച്ചാലുമെന്നു കരയാൻ കഴിയുന്ന ആ ദിവസം, ബ്രഹ്മാവിന്റെ കൽപ്പവർഷംപോലും ഒരു നിമിഷംപോലെ എനിയ്ക്കു നിസ്സാരമായി തോന്നും!

സദാ കൈലാസത്തിൽ കനകമണിസൌധത്തിലമരും
പുരാരേ നിന്മുന്നിൽ ശിരസി കരവും കൂപ്പി തരസാ
സദാനന്ദൻ നീയേ ഗതിയിനിയെനിയ്ക്കെന്നരുകവേ
വിധാതാവിൻ വർഷം വെറുമൊരിമ ചിമ്മുന്ന നിമിഷം!

25

സ്തവൈർബ്രഹ്മാദീനാം ജയജയവചോഭിർനിയമിനാം
ഗണാനാം കേലീഭിർമദകലമഹോക്ഷസ്യ കകുദി
സ്ഥിതം നീലഗ്രീവം ത്രിനയനമുമാശ്ലിഷ്ടവപുഷം
കദാ ത്വാം പശ്യേയം കരധൃതമൃഗം ഖണ്ഡപരശും?

ദേവന്മാരുടെ സ്തുതികളും മുനിമാരുടെ ജയാരവങ്ങളും ഭൂതങ്ങളുടെ കളികളും ആസ്വദിച്ച് കൈകളിൽ മാനും പരശുവും പിടിച്ച് കാളപ്പുറത്തു ഗൌരിയെ ആലിംഗനം ചെയ്തിരിക്കുന്ന മുക്കണ്ണനും നീലകണ്ഠനുമായ നിന്നെ എനിക്കെന്നാണ് നേരിൽ കാണാൻ കഴിയുന്നത്?

സുരോദ്ഗീതങ്ങൾക്കും മുനിജനജയോദ്ഘോഷ,ഗണനിർ-
ഭരോല്ലാസങ്ങൾക്കും നടുവിലമിതാമോദമതിയായ്
കരത്തിൽ മാനും വെണ്മഴു, സഖിയുമായ് നന്ദിയുടെ മേ-
ലിരിക്കും കാഴ്ചയ്ക്കൊന്നിട വരുവതെന്നോ പശുപതേ?

26

കദാ വാ ത്വാം ദൃഷ്ട്വാ ഗിരിശ തവ ഭവ്യാംഘ്രിയുഗളം
ഗൃഹീത്വാ ഹസ്താഭ്യാം ശിരസി നയനേ വക്ഷസി വഹൻ
സമാശ്ലിഷ്യാഘ്രായ സ്ഫുടജലജഗന്ധാത്പരിമളാ-
നലഭ്യാം ബ്രഹ്മാദ്യൈർമുദമനുഭവിഷ്യാമി ഹൃദയേ?

ബ്രഹ്മാദികളായ ദേവന്മാർക്കുപോലും കാണാനാവാത്ത നിന്നെ നേരിൽക്കണ്ട് നിന്റെ പാദങ്ങൾ തൊട്ടു തലോടിയ എന്റെ കൈ ശിരസ്സിലും കണ്ണിലും നെഞ്ചിലും വെച്ചു താമരപ്പൂവിന്റെ അസുലഭമായ സു ന്ധം ഹൃദയത്തിലുൾക്കൊള്ളാൻ ഇനി എനിക്കെന്നാണ് കഴിയുക?

പുരാരേ നിൻപാദദ്വയമിരുകരംകൊണ്ടു തൊടുവാൻ
ശിരസ്സിൽ കണ്ണിൽ ചേർത്തുരസി ഹൃദയം തൊട്ടുഴിയുവാൻ
വിരിഞ്ചിക്കുപ്രാപ്യം സരസിജസുഗന്ധോപരി പര-
സ്പരാശ്ളേഷാമോദം വരുവതിനിയെന്നോ പശുപതേ?

27

കരസ്ഥേ ഹേമാദ്രൌ ഗിരിശ നികടസ്ഥേ ധനപതൌ
ഗൃഹസ്ഥേ സ്വർഭൂജാമരസുരഭിചിന്താമണിഗണേ
ശിരസ്ഥേ ശീതാംശൌ ചരണയുഗലസ്ഥേഖിലശുഭേ
കമർഥം ദാസ്യേഹം ഭവതു ഭവദർത്ഥം മമ മനഃ!

കൈയിൽ മഹാമേരുവും തൊട്ടടുത്തു ധനപതിയും ഗൃഹത്തിൽ കാമധേനുവും കൽപ്പവൃക്ഷവും ചിന്താമണികളും ശിരസ്സിൽ ചന്ദ്രനും പാദങ്ങളിൽ സകല വിഭവങ്ങളുമുള്ള നിനക്കു ഞാനെന്താണു കാഴ്ച വെയ്ക്കേണ്ടത്? എന്റെ മനസ്സുതന്നെ ഞാൻ നിനക്കു സമർപ്പിയ്ക്കട്ടെ!

ഗൃഹം വെള്ളിക്കുന്നിൽ, സുരഭിതരുചിന്താമണിഗണാ-
വഹം സ്വാധീനത്തിൽ, ശിരസി ശശി, ഭൃത്യൻ ധനപതി
മഹാദേവാധീനം ശുഭമഖിലവും ദാസനിവനി-
ന്നഹാര്യം മച്ചിത്തം തരുവനയി കാണിയ്ക്ക ഭഗവൻ!

28

സാരൂപ്യം തവ പൂജനേ ശിവ മഹാദേവേതി സങ്കീർത്തനേ
സാമീപ്യം ശിവഭക്തിധുര്യജനതാസാംഗത്യസംഭാഷണേ
സാലോക്യം ച ചരാചരാത്മകതനുധ്യാനേ ഭവാനീപതേ
സായൂജ്യം മമ സിദ്ധമത്ര ഭവതി സ്വാമിൻ കൃതാർത്ഥോസ്മ്യഹം!

പൂജാവിധികൾ ചെയ്തു നിന്റെ സാരൂപ്യവും നാമകീർത്തനങ്ങൾ പാടി സാമീപ്യവും ഭക്തന്മാരുടെ സൗഹൃദത്തിലൂടെ സാലോക്യവും ചരാചരാത്മകമായ ധ്യാനവഴി സ്വീകരിച്ചു ഭവാനീപതിയായ നിന്നിൽ സായൂജ്യവും ലഭിയ്ക്കുമെങ്കിൽ ഞാൻ തീർത്തും കൃതാർത്ഥനായിത്തീരും!

സാഷ്ടാംഗം പദപൂജയാൽ ശിവദമായ് തീരുന്ന സാരൂപ്യവും
സാമാലാപനനാമകീർത്തനവഴിയ്ക്കുൾക്കൊണ്ട സാമീപ്യവും
സാധുസജ്ജനസൗഹൃദത്തിലുരുവാകുന്നോരു സാലോക്യവും
സാകല്യേന ലഭിയ്ക്കുമെങ്കിലിഹ ഞാൻ സാധിപ്പു സായൂജ്യവും!

29

ത്വത്പാദാംബുജമർച്ചയാമി പരമം ത്വാം ചിന്തയാം യന്വഹം
ത്വാമീശം ശരണം വ്രജാമി വചസാ ത്വാമേവ യാചേ വിഭോ
വീക്ഷാം മേ ദിശ ചാക്ഷുഷീം സകരുണാം ദിവ്യൈശ്ചിരം പ്രാർത്ഥിതാം
ശംഭോ ലോകഗുരോ മദീയമനസഃ സൌഖ്യോപദേശം കുരു!

പരമാത്മസ്വരൂപനായ നിന്നെക്കുറിച്ചു ചിന്തിച്ചു നിന്റെ ചരണങ്ങൾ പൂജിച്ചു നിന്നോടോരോ വരം യാചിച്ചു നിന്നെത്തന്നെ ഞാൻ ശരണം പ്രാപിയ്ക്കുന്നു! ദേവന്മാർ ചിരകാലമായി പ്രാർത്ഥിക്കുന്ന ലോകഗുരുവായ നീയെനിയ്ക്കു സുഖം ലഭിയ്ക്കാനുള്ള ഒരു മാർഗം ഉപദേശിച്ചാലും!

നിന്നെത്തന്നെ നിനച്ചു നിന്റെ പദവും പൂജിച്ചു, യാചിച്ചു ഞാ-
നിന്നോളം പരമാത്മരൂപി ശരണം നീയെന്നു ചിന്തിയ്ക്കയാൽ
ഒന്നാക്കണ്ണു തുറന്നിടാവു കരുണാപൂർവം പരാത്മാവു നീ-
യെന്നാത്മാവിനു മോക്ഷമാർഗമുപദേശിച്ചാലുമംബാപതേ!

30

വസ്ത്രോദ്ധൂതവിധൌ സഹസ്രകരതാ പുഷ്പാർച്ചനേ വിഷ്ണുതാ
ഗന്ധേ ഗന്ധവഹാത്മതാന്നപചനേ ബർഹിഃമുഖാധ്യക്ഷതാ
പാത്രേ കാഞ്ചനഗർഭതാസ്തി മയി ചേദ് ബാലേന്ദുചൂഡാമണേ
ശുശ്രൂഷാം കരവാണി തേ പശുപതേ സ്വാമിൻ ത്രിലോകീഗുരോ!

വസ്ത്രാലങ്കാരത്തിനു സൂര്യത്വവും പുഷ്പാർച്ചനയ്ക്കു വിഷ്ണുത്വവും ഗന്ധത്തിനു വായുത്വവും നിവേദ്യത്തിന് ഇന്ദ്രത്വവും അർഘ്യത്തിനു ബ്രഹ്മത്വവും തന്നനുഗ്രഹിയ്ക്കുമെങ്കിൽ ത്രൈലോക്യനാഥനായ നിന്നെ ഞാൻ സദാ ശുശ്രൂഷിച്ചു ജീവിച്ചുകൊള്ളാം.

ദേവേന്ദ്രൻ വിധി വിഷ്ണു വായു സവിതാവെന്നുള്ള സർഗാത്മകോദ്-
ഭാവങ്ങൾ വഴിപോലെയിന്നു വരമായ് വന്നെങ്കിലംബാപതേ
പൂവും ചന്ദനവും നിവേദ്യവസനപ്പൊൻതാലവും തന്നു ഞാ-
നാവും മട്ടു തുടർന്നിടാം ശിവസപര്യാചാരമര്യാദകൾ!

31

നാലം വാ പരമോപകാരകമിദം ത്വേകം പശൂനാംപതേ
പശ്യൻ കുക്ഷിഗതാൻ ചരാചരഗണാൻ ബാഹ്യസ്ഥിതാൻ രക്ഷിതും
സർവാമർത്ത്യപലായനൌഷധമതിജ്വാലാകരം ഭീകരം
നിക്ഷിപ്തം ഗരലം ഗലേ ന ഗിലിതം നോദ്ഗീർണമേവ ത്വയാ!

ദേവന്മാർപോലും അടുക്കാൻ മടിയ്ക്കുന്ന കടുത്ത വിഷം ഛർദ്ദിയ്ക്കുകയോ വിഴുങ്ങുകയോ ചെയ്യാതെ, ഉള്ളിലും പുറത്തുമുള്ള ചരാചരങ്ങളുടെ ദുഃഖം കണ്ടറിഞ്ഞു കഴുത്തിൽ സൂക്ഷിച്ച നിന്റെ പരോപകാരതൽപ്പരതയ്ക്കു മറ്റെന്തു തെളിവാണു വേണ്ടത്?

ദേവന്മാർക്കു ഭയം വിതച്ചൊരു വിഷം തുപ്പാനിറക്കീടുവാ-
നാവാതങ്ങനെ നീലകണ്ഠപരമാത്മാവായ ഗൗരീപതേ
ജീവാത്മാക്കളെയുള്ളിലും വെളിയിലും ചാവാതെ രക്ഷിച്ച നിൻ
സേവൗത്സുക്യപരോപകാരഗുണമിന്നോരാവതല്ലാർക്കുമേ!

32

ജ്വാലോഗ്രഃ സകലാമരാതിഭയദഃ ക്ഷ്വേലഃ കഥം വാ ത്വയാ
ദൃഷ്ടഃ കിം ച കരേ ധൃതഃ കരതലേ കിം പക്വജംബൂഫലം
ജിഹ്വായാം നിഹിതശ്ച സിദ്ധഘുടികാ വാ കണ്ഠദേശേ ഭൃതഃ
കിം തേ നീലമണിർവിഭൂഷണമയം ശംഭോ മഹാത്മൻ വദ!

ദേവന്മാർക്കുപോലും ഭയമുണ്ടാക്കിയ വിഷം നീയെങ്ങനെയാണു നേരിൽ കണ്ടത്? ഞാവൽപ്പഴമെന്നു കരുതിയാണോ കൈയിലെടുത്തത്? സിദ്ധൗഷധമെന്നു കണ്ടാണോ സ്വയം കുടിച്ചത്? നീലരത്നമെന്നു കണ്ടാണോ നീയതു കഴുത്തിലണിഞ്ഞത്? പറഞ്ഞാലും!

നീയന്നെങ്ങനെ നോക്കിനിന്നു നിറയും ഹാലാഹലം നിർഭയം
നീരേറും മധുരാമ്രമായ് കരുതിയോ ദേവേശ കൈക്കൊണ്ടു നീ
നീർവീഴ്ചയ്ക്കു കഷായമെന്ന വിധമോ സേവിച്ചു നിസ്സംശയം
നീലാഭം മണിയെന്നു തോന്നിയണിയുന്നെന്നോ കഴുത്തിൽ സ്വയം?

33

നാലം വാ സകൃദേവ ദേവ ഭവതഃ സേവാ നതിർവാ നുതിഃ
പൂജാ വാ സ്മരണം കഥാശ്രവണമപ്യാലോകനം മാദൃശാം
സ്വാമിൻ അസ്ഥിരദേവതാനുസരണായാസേന കിം ലഭ്യതേ
കാ വാ മുക്തിരിതഃ കുതോ ഭവതി ചേത് കിം പ്രാർത്ഥനീയം തദാ?

എന്നെപ്പോലുള്ളവർക്കു നിന്നെ പ്രസാദിപ്പിയ്ക്കാൻ സേവയോ പൂജയോ സ്തുതിയോ ശ്രവണമോ സ്മരണമോ നമനമോ ദർശനമോ ഏതെങ്കിലു മൊന്നു മതിയെങ്കിൽ അസ്ഥിരപ്രകൃതരായ ദേവന്മാരെ ആരാധിച്ചിട്ടെ ന്താണു ലഭിയ്ക്കുന്നത്? അഥവാ എന്താണു മുക്തിയും പ്രാർത്ഥനയും?

നിന്നെക്കണ്ടു നമിച്ചു നാമമുരുവിട്ടും കേട്ടുമൊന്നാകുവാ-
നെന്നെപ്പോലൊരുവന്നൊരൊറ്റ വഴി മാത്രം പോരുമംബാപതേ?
എന്നിട്ടെന്തിനു ബുദ്ധിമുട്ടി വെറുതേ മറ്റുള്ള ദൈവങ്ങളെ-
പ്പിന്നെപ്പിന്തുടരുന്നു? ഭക്തി,യിതു താനോ മുക്തി, സങ്കീർത്തനം?

34

കിം ബ്രൂമസ്തവ സാഹസം പശുപതേ കസ്യാസ്തി ശംഭോ ഭവ-
ദ്ധൈര്യം ചേദൃശമാത്മനഃസ്ഥിതിരിയം ചാന്യൈഃ കഥം ലഭ്യതേ
ഭ്രശ്യദ്ദേവഗണംത്രസന്മുനിഗണംനശ്യത്പ്രപഞ്ചം ലയം
പശ്യന്നിർഭയ ഏക ഏവ വിഹരത്യാനന്ദസാന്ദ്രോ ഭവാൻ!

നിന്റെ സാഹസവും ധൈര്യവും അപാരംതന്നെ! ഈയൊരു കഴിവ് മറ്റാർക്കാണുള്ളത്? പ്രളയകാലത്തു ദേവന്മാർ സ്വസ്ഥാനത്തുനിന്നു തെറിച്ചു വീഴുകയും മുനിമാർ ഭയന്നു വിറയ്ക്കുകയും ചെയ്യപ്പോൾ നീ മാത്രം നിർഭയനായി നിന്നു പരമാനന്ദത്തോടെ വിഹരിച്ചുകൊണ്ടിരുന്നു!

കൽപ്പാന്തപ്രളയത്തിലാണ്ടു ഭുവനം, നിശ്ചിന്തനിശ്ചേഷ്ടരായ്
നിൽപ്പു മാമുനിമാ,രമർത്ത്യവരരോ വീഴുന്നു വാരാശിയിൽ
അൽപ്പംപോലുമൊരീഷലുള്ളിലുണരാതാനന്ദനൃത്തം ശിലാ-
തൽപ്പത്തിൽ തുടരുന്ന നിന്നഭിനയപ്രാഗൽഭ്യമത്യത്ഭുതം!

35

യോഗക്ഷേമധുരന്ധരസ്യസകലശ്രേയഃപ്രദോദ്യോഗിനോ
ദൃഷ്ടാദൃഷ്ടമതോപദേശകൃതിനോ ബാഹ്യാന്തരവ്യാപിനഃ
സർവജ്ഞസ്യ ദയാകരസ്യ ഭവതഃ കിം വേദിതവ്യം മയാ
ശംഭോ ത്വം പരമാന്തരങ്ഗ ഇതി മേ ചിത്തേ സ്മരാം യന്വഹം!

ലോകക്ഷേമത്തിന്റെ ചുമതലയേറ്റെടുത്തു സകല ശ്രേയസ്സും നൽകി, കണ്ടതും കാണാത്തതുമായ അറിവുകൾ പകർന്ന സർവവ്യാപിയും സർവജ്ഞനും ദയാനിധിയുമായ നിന്നോടു ഞാനെന്താണു ചോദിക്കേണ്ടത്? പകരം നിന്നെയൊരു ആത്മസുഹൃത്തായി ഞാൻ കരുതാം!

എല്ലാവർക്കുമൊരേ നിലയ്ക്കു സുഖവും സൌഭാഗ്യവും നൽകുവാ-
നല്ലേ കൃത്യഹിതാഹിതങ്ങളുപദേശിയ്ക്കുന്ന ലോകർക്കു നീ
എല്ലാം നല്ല വഴിയ്ക്കറിഞ്ഞ കരുണാത്മാവായ നിന്നോടിനി-
ച്ചൊല്ലാനില്ലൊരു മോഹവും പശുപതേ സച്ചില്ലയം മേ വരം!

36

ഭക്തോ ഭക്തിഗുണാവൃതേ മുദമൃതാപൂർണേ പ്രസന്നേ മനഃ
കുംഭേ സാംബ തവാംഘ്രിപല്ലവയുഗം സംസ്ഥാപ്യ സംവിത്ഫലം
സത്വം മന്ത്രമുദീരയന്നിജശരീരാഗാരശുദ്ധിം വഹൻ
പുണ്യാഹം പ്രകടീകരോമി രുചിരം കല്യാണമാപാദയൻ!

ഭക്തിയുടെ നൂലു ചാർത്തി ആനന്ദാമൃതം നിറച്ച ഈ മനോകുംഭത്തിൽ നിന്റെ പാദപല്ലവങ്ങളും പക്വഫലങ്ങളുമിട്ടു മന്ത്രങ്ങൾ ചൊല്ലി ശുദ്ധി വരുത്തി മോക്ഷം ലഭിയ്ക്കാനായി ഞാനെന്നും ചെയ്തുപോരുന്ന ഈ പുണ്യാഹത്തിനു നീ സർവമംഗളങ്ങൾ ആശംസിച്ചാലും!

ഭക്തിപ്പൊന്നണിനൂലു ചാർത്തിയ മനഃകുംഭത്തിലാനന്ദസം-
സിക്തം നീരു നിറച്ചു പുണ്യഫലവും നിൻപാദപുഷ്പങ്ങളും
മുക്തീസാർത്ഥകമൂലമന്ത്രമൊടു ഞാനർപ്പിച്ച പുണ്യാഹസം-
യുക്തം സാരമിതാ ശരീരമനസംശുദ്ധിയ്ക്കു സിദ്ധൌഷധം!

37

ആമ്നായാംബുധിമാദരേണ സുമനസ്സംഘാഃ സമുദ്യന്മനോ
മന്ഥാനം ദൃഢഭക്തിരജ്ജുസഹിതം കൃത്വാ മഥിത്വാ തതഃ
സോമം കൽപതരും സുപർവസുരഭിം ചിന്താമണിം ധീമതാം
നിത്യാനന്ദസുധാം നിരന്തരരമാസൌഭാഗ്യമാതന്വതേ!

സാത്വികരായ ദേവന്മാർ മനസ്സാകുന്ന കടകോലും ഭക്തിയുടെ കയറു മായി വേദമാകുന്ന സമുദ്രം കടഞ്ഞപ്പോൾ ഉയർന്നുവന്ന കൽപ്പവൃക്ഷ ത്തിനും കാമധേനുവിനും ചിന്താമണിയ്ക്കും തുല്യനായി ഉമാസമേതനാ യ നിന്നെ ഭക്തിപൂർവം സേവിച്ച് നിത്യാനന്ദം അനുഭവിയ്ക്കുന്നു.

ഭക്തിപ്പൊൻകയറാൽ വരിഞ്ഞ കടകോലാകുന്ന ചിത്തത്തൊടാ-
സക്തം ദേവഗണം കടഞ്ഞു സഹസാ വേദാന്തവാരാശികൾ
യുക്തിയ്ക്കൊത്തുയരുന്ന സോമസുരഭീതത്വങ്ങളുള്ളിൽ ശിവ:-
ശക്തീസൌഭഗപുണ്യമായി വളരുന്നത്യുത്തമം ദർശനം!

38

പ്രാക്പുണ്യാചലമാർഗദർശിതസുധാമൂർത്തിഃ പ്രസന്നഃ ശിവഃ
സോമഃ സദ്ഗുണസേവിതോ മൃഗധരഃ പൂർണസ്തമോമോചകഃ
ചേതഃ പുഷ്കരലക്ഷിതോ ഭവതി ചേദാനന്ദപാഥോനിധിഃ
പ്രാഗത്ഭ്യേന വിജൃംഭതേ സുമനസാം വൃത്തിസ്തദാ ജായതേ!

പൂർവപുണ്യങ്ങളുടെ വഴികളിൽ ഇരുട്ടകറ്റി അമൃതവർഷം ചൊരിഞ്ഞു പ്രത്യക്ഷപ്പെടുന്ന ഉമാസമേതനായ ശിവനെ (അഥവാ കിഴക്ക് ഉദിച്ചു യരുന്ന ചന്ദ്രനെ) മനസ്സിൽ പ്രതിഷ്ഠിച്ച് പൂജിയ്ക്കുന്നവർ സന്തോഷത്തിര മാലകൾ ആഞ്ഞടിയ്ക്കുന്ന ആനന്ദസമുദ്രത്തിൽ ആറാടുന്നു.

പൂർവാദ്രീവരപുണ്യമിന്നുദയമായ് വന്നെത്തി സമ്പൂർണമായ്
ശർവാണീപ്രിയദർശനം തിമിരമാലെല്ലാമൊഴിഞ്ഞച്ഛമായ്
സർവാകാശമുണർന്നുയർന്നു പരമാനന്ദത്തിരത്തള്ളലിൽ
ഗർവം വിട്ടൊഴിയുന്ന ഭക്തരിലുയിർത്തേൽക്കുന്നുഷഃസ്പന്ദനം!

39

ധർമ്മോ മേ ചതുരങ്ഘ്രികഃ സുചരിതഃ പാപം വിനാശം ഗതം
കാമക്രോധമദാദയോ വിഗലിതാഃ കാലാഃ സുഖാവിഷ്കൃതാഃ
ജ്ഞാനാനന്ദമഹൌഷധിഃ സുഫലിതാ കൈവല്യനാഥേ സദാ
മാന്യേ മാനസപുണ്ഡരീകനഗരേ രാജാവതംസേ സ്ഥിതേ!

എന്റെ മനസ്സായ മഹാനഗരത്തിൽ നീ രാജപദവിയോടെ വാണ കാലത്തു നാലു പാദങ്ങളുള്ള ധർമ്മം പരിപാലിക്കപ്പെടുകയും പാപം നശിക്കുകയും കാമക്രോധാദിദുർവാസനകൾ അപ്രത്യക്ഷമാകുകയും ജ്ഞാനത്തിന്റെ ഫലവൃക്ഷങ്ങൾ തളിർത്തു സമ്പത്സമൃദ്ധമാകുകയും ചെയ്തു.

ധർമ്മം നാലു പദങ്ങളിൽ നിലയുറപ്പിക്കുന്നു, കാമാദി ദുഷ്-
ക്കർമ്മങ്ങൾക്കവസാന,മിന്നറുതിയായ് തീരുന്നു പാപങ്ങളും
നിർമ്മായം തളിരിട്ടു പൂത്തു ഫലവും വിദ്യാവനേ,യെന്മനോ-
ഹർമ്മ്യത്തിൽ ജനപാലനൈകനിരതം നീ വാണ കാലം വിഭോ!

40

ധീയന്ത്രേണ വചോഘടേന കവിതാകുല്യോപകുല്യാക്രമൈ-
രാനീതൈശ്ച സദാശിവസ്യ ചരിതാംഭോരാശിദിവ്യാമൃതൈഃ
ഹൃത്കേദാരയുതാശ്ച ഭക്തികലമാഃ സാഫല്യമാതന്വതേ
ദുർഭിക്ഷാൻ മമ സേവകസ്യ ഭഗവൻ വിശ്വേശ ഭീതിഃ കുതഃ?

ബുദ്ധിയുടെ യന്ത്രം കറക്കി വാക്കിന്റെ കുടത്തിൽ കോരിയെടുത്ത ജലം കവിതയുടെ ചാലുകളായി ഒഴുകിവരുന്ന ശിവകഥാനദി, മനോവനത്തിലെ ഭക്തിച്ചെടികൾ നനച്ചു ഫലസമൃദ്ധമാക്കുമ്പോൾ നിന്റെ ഭക്തന്മാരായ ഞങ്ങളെന്തിനു ഭക്ഷ്യക്ഷാമത്തെക്കുറിച്ചു ഭയപ്പെടണം?

വാക്കും ബുദ്ധിയുമൊത്തിണങ്ങിയുറവായ് നീർച്ചാലുകൾ ചോലയാ-
യാക്കം പൂണ്ടൊഴുകുന്ന ശൈവചരിതപ്രേമാമൃതാസേചനാൽ
പൂക്കുന്നെൻ മനകാനനത്തിലുളവാം ഭക്ത്യാന്നധാന്യങ്ങളൊ-
ത്താർക്കുമ്പോൾ ജനസഞ്ചയത്തിനു ഹരേ ക്ഷാമത്തിലാശങ്കയോ?

41

പാപോത്പാതവിമോചനായ രുചിരൈശ്വര്യായ മൃത്യുഞ്ജയ
സ്തോത്രധ്യാനനതിപ്രദക്ഷിണസപര്യാലോകനാകർണനേ
ജിഹ്വാചിത്തശിരോങ്ഘ്രിഹസ്തനയനശ്രോത്രൈരഹം പ്രാർഥിതോ
മാമാജ്ഞാപയ തന്നിരൂപയ മുഹുർമാമേവ മാ മേ വചഃ!

സ്തുതി, ധ്യാനം, നമസ്കാരം, പ്രദക്ഷിണം, ദർശനം, ശ്രവണം, പൂജ തുട ങ്ങിയവ വഴി പാപമോചനം നേടാൻ നാവ്, മനസ്സ്, ശിരസ്സ്, പാദം, കരം, കണ്ണ്, ചെവി മുതലായവകൊണ്ടു നിരന്തരം പ്രാർത്ഥിയ്ക്കാൻ നീ യെന്നെ നിർബന്ധിയ്ക്കണമെന്നു ഞാൻ അപേക്ഷിയ്ക്കുന്നു.

പാപങ്ങൾക്കവസാനമുക്തിപദസിദ്ധിയ്ക്കായ് ജപ,ദ്ധ്യാന,മാ-
ലാപം,പൂജ,കഥാവലോകന, നമസ്കാരങ്ങളെന്നിങ്ങനെ
നാവും കണ്ണിരുകൈകളും ഹൃദയവും കാതും ശിവപ്രാർത്ഥന-
യ്ക്കാവോളം ഗുണദോഷകൽപ്പനകളാവർത്തിയ്ക്കയെന്നോടു നീ!

42

ഗാംഭീര്യം പരിഖാപദം ഘനധൃതിഃ പ്രാകാര ഉദ്യദ്ഗുണ-
സ്തോമശ്ചാപ്തബലം ഘനേന്ദ്രിയചയോ ദ്വാരാണി ദേഹേ സ്ഥിതഃ
വിദ്യാവസ്തുസമൃദ്ധിരിത്യഖിലസാമഗ്രീസമേതേ സദാ
ദുർഗാതിപ്രിയദേവ മാമകമനോദുർഗേ നിവാസം കുരു!

ഗംഭീരമായ കിടങ്ങുകളും മതിലുകളും വിശ്വസ്തഭടന്മാരുമായി ഒരു കോട്ട പരിപാലിയ്ക്കുന്നതുപോലെ, വിവേകമതികളായ ഇന്ദ്രിയങ്ങളും വിഭവ ങ്ങളും വിജ്ഞാനവുമായി വന്നു ദുർഗാപ്രിയനായ നീ എന്റെ നവദ്വാര ങ്ങളുള്ള ഈ മനോദുർഗത്തിൽ സ്ഥിരമായി താമസിച്ചാലും!

ചെങ്കുത്തായ കിടങ്ങു ചുറ്റുവശവും കെട്ടിപ്പടുത്തക്ഷമം
കങ്കാണിപ്പട കാവലും മതിലുകൾക്കഞ്ചിന്ദ്രിയദ്വാരവും
അങ്കക്കോപ്പുകളും ധരിച്ച നയതന്ത്രങ്ങളാൽ നിർഭയാ-
ശങ്കം കാത്തിടുകെന്റെ ദുർബലമനോദുർഗത്തെ ദുർഗാപതേ!

43

മാ ഗച്ഛ ത്വമിതസ്തതോ ഗിരിശ ഭോ മയ്യേവ വാസം കുരു
സ്വാമിന്നാദികിരാത മാമകമനഃകാന്താരസീമാന്തരേ
വർത്തന്തേ ബഹുശോ മൃഗാ മദജുഷോ മാത്സര്യമോഹാദയ-
സ്താൻ ഹത്വാ മൃഗയാവിനോദരുചിതാലാഭം ച സമ്പ്രാപ്സ്യസി!

എന്റെ മനസ്സാകുന്ന കൊടുംകാട്ടിൽ വിഹരിയ്ക്കുന്ന മദമാത്സര്യങ്ങളായ നിരവധി വന്യമൃഗങ്ങളെ വേട്ടയാടി മറ്റെങ്ങും പോകാതെ നായാട്ടിന്റെ ആവേശം മുഴുവൻ ആസ്വദിച്ച് ആദികിരാതനും ഗിരിനാഥനുമായ നീ എന്റെയുള്ളിൽത്തന്നെ സ്ഥിരമായി താമസിച്ചാലും!

അങ്ങിങ്ങെന്നലയാതെ നീ പഴയ നായാടിപ്രതാപേന വ-
ന്നിങ്ങെൻ മാനസകാനനത്തിലൊരു വീടുണ്ടാക്കി വാഴുന്ന നാൾ
തിങ്ങും മോഹമദങ്ങളായ മൃഗജാലങ്ങൾക്കു പിന്നാലെ കാ-
ടെങ്ങും ചെന്നു കുതുഹലേന മൃഗയാമോഹം തകർക്കാം വിഭോ!

44

കരലഗ്നമൃഗഃ കരീന്ദ്രഭങ്ഗോ
ഘനശാർദ്ദൂലവിഖണ്ഡനോസ്തജന്തുഃ
ഗിരിശോ വിശദാകൃതിശ്ച ചേതഃ-
കുഹരേ പഞ്ചമുഖോസ്തി മേ കുതോ ഭീഃ?

മദയാനയേയും പുലിയേയും കൊന്നു സകലജീവികൾക്കും അന്തകനായി, കൈയിലൊരു മാൻരൂപത്തെ ധരിയ്ക്കുന്ന പഞ്ചമുഖനായ സിംഹമായി നീയെന്റെ മനസ്സാകുന്ന ഗുഹയിൽ വസിയ്ക്കുന്ന കാലത്തോളം ഞാനാരെയാണു ഭയപ്പെടേണ്ടത്?

കരതാരിലെടുത്ത മാനുമായി-
ക്കരിയെന്നല്ല നരിയ്ക്കുമന്ത്യമായി
ഗിരിരാജ, മനോഗുഹാന്തരേ സു-
ന്ദരപഞ്ചാസ്യ,വസിയ്ക്കിലില്ല ഭീതി!

45

ഛന്ദഃശാഖിശിഖാന്വിതൈഃദ്വിജവരൈഃ സംസേവിതേ ശാശ്വതേ
സൌഖ്യാപാദിനി ഖേദഭേദിനി സുധാസാരൈഃ ഫലൈർദീപിതേ
ചേതഃപക്ഷിശിഖാമണേ ത്യജ വൃഥാ സഞ്ചാരമന്യൈരലം
നിത്യം ശങ്കരപാദപത്മയുഗലീനീഡേ വിഹാരം കുരു!

അമൃതഫലം പൊഴിയ്ക്കുന്ന വേദോപനിഷത്തുക്കളായ വൃക്ഷങ്ങളിലേറി ദ്വിജന്മാർ (പക്ഷികൾ) സംസാരദുഃഖമകറ്റി ശാശ്വതസുഖം നേടുന്നു. എന്റെ മനസ്സാകുന്ന ഈ പക്ഷി സദാ ആകാശത്തു പാറിപ്പറക്കുന്നതിനു പകരം ശിവപാദമാകുന്ന പഞ്ജരത്തിലണഞ്ഞു സുഖമനുഭവിയ്ക്കട്ടെ!

വേദാന്തത്തരുശാഖതോറുമമൃതം തേടി ദ്വിജജ്ഞാതി നിർ-
വേദാവസ്ഥയണഞ്ഞു ശാശ്വതസുഖം നേടുന്നു, സായൂജ്യവും!
മോദിച്ചാർത്തു മദിയ്ക്കുമെന്മനമണിത്തത്തേ, ദ്വിജാതീയസം-
വാദത്താൽ ശിവപാദപഞ്ജരമലർത്തൊത്തിൽ കളിയ്ക്കാവു നീ!

46

ആകീർണേ നഖരാജികാന്തിവിഭവൈരുദ്യത്സുധാവൈഭവൈ-
രാധൌതേപി ച പത്മരാഗലലിതേ ഹംസവ്രജൈരാശ്രിതേ
നിത്യം ഭക്തിവധൂഗണൈശ്ച രഹസി സ്വേച്ഛാവിഹാരം കുരു
സ്ഥിത്വാ മാനസരാജഹംസഗിരിജാനാഥാങ്ഘ്രിസൌധാന്തരേ!

ഹംസമന്ത്രം ചൊല്ലുന്ന മുനിമാർക്ക് ആശ്രയമായ, പാർവതിയുടെ നഖങ്ങളുടെ പത്മരാഗശോഭകൊണ്ടു പ്രകാശമയമായ, ശിവപാദമാകുന്ന മണിസൗധത്തിൽ, എന്റെ മനസ്സാകുന്ന രാജഹംസമേ, നീ അമൃതരസം ആസ്വദിച്ചു ഭക്തിരൂപം ധരിച്ച വധുക്കൾക്കിടയിൽ വിഹരിച്ചാലും!

സൌന്ദര്യം വഴിയുന്ന കാൽനഖമയൂഖങ്ങൾ സുധാമോദമാ-
യിന്ദുശ്രീ പൊഴിയുന്ന ശങ്കരപദപ്രാസാദമാർഗങ്ങളിൽ
മന്ദം ഭക്തിവധുക്കളോടു സരസം സംഭാഷണം ചെയ്തു സാ-
നന്ദം മന്മനരാജഹംസ വിഹരിയ്ക്കാവൂ യഥേഷ്ടാശയം!

47

ശംഭുധ്യാനവസന്തസംഗിനി ഹൃദാരാമേഘജീർണച്ഛദാഃ
സ്രസ്താ ഭക്തിലതാച്ഛടാ വിലസിതാഃ പുണ്യപ്രവാലശ്രിതാഃ
ദീപ്യന്തേ ഗുണകോരകാ ജപവചഃപുഷ്പാണി സദ്വാസനാ
ജ്ഞാനാനന്ദസുധാമരന്ദലഹരീ സംവിത്ഫലാഭ്യുന്നതിഃ!

ശിവദ്ധ്യാനത്തിന്റെ വസന്തകാലത്തു മനോദ്യാനത്തിലെ മരങ്ങളിൽ പാപങ്ങളുടെ ഇലകൾ പൊഴിയുകയും ഭക്തിലത പുണ്യമായി വളർന്നു സദ്ഗുണങ്ങൾ തളിരിടുകയും വാക്കുകൾ പൂക്കുകയും വാസനകൾ പക്വഫലങ്ങളായി പരമാനന്ദാമൃതം ചുരത്തുകയും ചെയ്യുന്നു.

ധ്യാനത്തിന്റെ വസന്തമാ,യിലകളായ് പാപം പൊഴിഞ്ഞൂ, മനോ-
ദ്യാനത്തിൽ വളരുന്ന ഭക്തിലതകൾ പുണ്യത്തളിർച്ചാർത്തുമായ്
വാനിൽ സദ്ഗുണവാസനാവിലസിയായാടുന്ന പുഷ്പങ്ങളാ-
ദാനം ചെയ്‌വു ഫലങ്ങളുന്മദപരാനന്ദാമൃതം ശാശ്വതം!

48

നിത്യാനന്ദരസാലയം സുരമുനിസ്വാന്താംബുജാതാശ്രയം
സ്വച്ഛം സദ്വിജസേവിതം കലുഷഹൃത് സദ്വാസനാവിഷ്കൃതം
ശംഭുധ്യാനസരോവരം വ്രജ മനോഹംസാവതംസ സ്ഥിരം
കിം ക്ഷുദ്രാശ്രയപല്വലഭ്രമണസംജാതശ്രമം പ്രാപ്സ്യസി?

സുരമുനിമാരുടെ മനസ്സിനാശ്രയവും സദ്വാസനകളുടെ സൗരഭ്യത്താൽ നിർമ്മലവുമായി ബ്രാഹ്മണർ നിത്യം സേവിയ്ക്കുന്ന ശിവദ്ധ്യാനത്തിന്റെ പൊയ്കയിലിറങ്ങാതെ എന്റെ മനസ്സാകുന്ന ഹംസമേ, നീയെന്താണു സദാ പാപത്തിന്റെ ചെളിക്കുണ്ടിൽ കിടന്നു പുളയ്ക്കുന്നത്?

ആനന്ദാലയമായ് സുരന്മുനിമനസ്സിന്നെന്നുമാലംബമായ്
നാനാഭൂസുരസേവ്യമായ് വിമലമായ് സദ്വാസനാജന്യമായ്
ധ്യാനത്തിന്നനുയോജ്യമാം ശിവസരസ്സിൽ ചെന്നിറങ്ങാതെയി-
ന്നെന്തെൻ മാനസഹംസമേ കലിമലച്ചേറിൽ പുളയ്ക്കുന്നു നീ?

49

ആനന്ദാമൃതപൂരിതാ ഹരപദാംഭോജാലവാലോദ്യതാ
സ്ഥൈര്യോപഘ്നമുപേത്യഭക്തിലതികാ ശാഖോപശാഖാന്വിതാ
ഉച്ചൈർമാനസകായമാനപടലീമാക്രമ്യ നിഷ്കൽമഷാ
നിത്യാഭീഷ്ടഫലപ്രദാ ഭവതു മേ സത്ക്കർമ്മസംവർദ്ധിതാ!

ശിവപാദത്തിൽനിന്നു മുള പൊട്ടി നിവർന്നുനിൽക്കുന്ന ആനന്ദാമൃതം നിറഞ്ഞ ഭക്തിലത ശാഖോപശാഖകളായി വളർന്നു മനസ്സിന്റെ മേച്ചിൽപ്പുറങ്ങളും കടന്നു സൽക്കർമ്മങ്ങളായി പടർന്നു പന്തലിച്ചു പക്വമായ ഫലങ്ങൾ നൽകുമാകാറാകട്ടെ!

ആനന്ദക്കുളിരുള്ളിലേറ്റി ശിവപാദാബ്ജത്തിലാവിർഭവി-
ച്ചൂനം തെല്ലിയലാതെ ഭക്തിലതകൾ കമ്പോടു കമ്പാർക്കവേ
മാനത്തോളമുയർന്ന മാനസവിതാനങ്ങൾക്കുമേലുന്മദോ-
ദ്യാനത്തിൽ സുകൃതം വിളഞ്ഞ ഫലമായ് തീരട്ടെ മജ്ജീവിതം!

50

സന്ധ്യാരംഭവിജൃംഭിതം ശ്രുതിശിരസ്ഥാനാന്തരാധിഷ്ഠിതം
സപ്രേമഭ്രമരാഭിരാമമസകൃത് സദ്വാസനാശോഭിതം
ഭോഗീന്ദ്രാഭരണം സമസ്തസുമനഃപൂജ്യം ഗുണാവിഷ്കൃതം
സേവേ ശ്രീഗിരിമല്ലികാർജ്ജുനമഹാലിങ്ഗംശിവാലിങ്ഗിതം

(ഈ ശ്ലോകത്തിൽ ശിവനെ മുല്ലവള്ളി പടർന്നു നിൽക്കുന്ന ഒരു മരുതുവൃക്ഷമായി സങ്കൽപ്പിയ്ക്കുന്നു) സന്ധ്യാസമയത്തു നൃത്തോത്സുകനായ (വിടരാൻ തുടങ്ങുന്ന) , വേദോപനിഷത്തുക്കളുടെ സാരമായ (ചെവിയിലും ശിരസ്സിലും ചൂടാവുന്ന), പ്രേമവതിയായ ഭ്രമരാംബികയോടു കൂടി (സുഗന്ധമാസ്വദിച്ചു തേൻ നുകരുന്ന വണ്ടുകളുമായി), സർപ്പാലംകൃതനായ (സുന്ദരിമാർക്കു മാലയാക്കാവുന്ന), സകല ദേവന്മാരും പൂജിയ്ക്കുന്ന (പൂക്കൾക്കു രാജ്ഞിയായ), ത്രിഗുണങ്ങൾ വെളിവാക്കുന്ന, പാർവതിയാൽ ആലിംഗനം ചെയ്യപ്പെട്ട (മുല്ലപ്പൂ പടരുന്ന) മരുതുവൃക്ഷസ്വരൂപനായ നിന്നെ ഞാൻ സേവിയ്ക്കുന്നു.

സന്ധ്യയ്ക്കുന്മദമോദിയായ്, സകലവേദങ്ങൾക്കുമാധാരമായ്
ഭക്തർക്കുത്തമതോഴനായ്, കലുഷകാലത്തിൽ ശുഭാശംസിയായ്,
സർപ്പാലംകൃതനായ്, സമസ്തസുരലോകങ്ങൾക്കുമാരാദ്ധ്യനായ്
ശക്ത്യാലിംഗിതമല്ലികാർജ്ജുനനെ ഞാൻ സേവിപ്പു ഭക്ത്യാദരം!

51

ഭൃംഗീച്ഛാനടനോത്കടഃ കരിമദഗ്രാഹീ സ്ഫുരൻ മാധവാ-
ഹ്ലാദോ നാദയുതോ മഹാസിതവപുഃ പഞ്ചേഷുണാ ചാദൃതഃ
സത്പക്ഷഃ സുമനോവനേഷു സ പുനഃ സാക്ഷാത് മദീയേ മനോ-
രാജീവേ ഭ്രമരാധിപോ വിഹരതാം ശ്രീശൈലവാസീ വിഭുഃ!

(ഈ ശ്ലോകത്തിൽ ശിവനെ ഒരു വണ്ടായി സങ്കൽപ്പിയ്ക്കുന്നു) ഭൃംഗിയുടെ (പെൺവണ്ടിന്റെ) ഇഷ്ടത്തിനനുസരിച്ച് നൃത്തം ചെയ്യുന്ന, ഗജാസുരനെ കൊന്ന (ആനയുടെ മദജലം കുടിയ്ക്കുന്ന) മോഹിനീരൂപത്തിൽ വിഷ്ണുവിനെ കണ്ടു സന്തോഷിയ്ക്കുന്ന (വസന്തത്തിൽ വിഹരിയ്ക്കുന്ന), നാദതനുവായ (ഹുങ്കാരം പുറപ്പെടുവിയ്ക്കുന്ന), വെളുപ്പുകൊണ്ടു കാമനെ ഭ്രമിപ്പിയ്ക്കുന്ന (കരിപോലെ കറുത്ത) ദേവന്മാരെ സംരക്ഷിയ്ക്കുന്ന (പൂക്കൾ തോറും പറന്നു നടക്കുന്ന, ശ്രീശൈലനാഥനായ ശിവൻ എന്റെ മനസ്സാകുന്ന താമരയിൽ ഒരു വണ്ടായി വിഹരിച്ചാലും !

ഭൃംഗിയ്ക്കിഷ്ടനടൻ, ഗജോന്മദഹരൻ, ശൗരിയ്ക്കു സന്തുഷ്ടവാൻ
നാദോദ്ഭൃത,നുടൽ വെളുത്തവ,നലർബാണന്നസൂയാവഹൻ
സത്തുക്കൾക്കിടയിൽ സമാനഹൃദയൻ, നീയെന്മനത്താമര-
പ്പൂച്ചെണ്ടിൽ വരിവണ്ടുപോലെ വിഹരിയ്ക്കാവൂ ഗിരീശ പ്രഭോ!

52

കാരുണ്യാമൃതവർഷിണം ഘനവിപദ്ഗ്രീഷ്മച്ഛിദാകർമ്മഠം
വിദ്യാസസ്യഫലോദയായ സുമനഃസംസേവ്യമിച്ഛാകൃതിം
നൃത്യദ്ഭക്തമയൂരമദ്രിനിലയം ചഞ്ചജ്ജടാമണ്ഡലം
ശംഭോ വാഞ്ഛതി നീലകന്ധര സദാ ത്വാം മേ മനശ്ചാതകഃ

(ഈ ശ്ലോകത്തിൽ ശിവനെ ഒരു മേഘമായി സങ്കൽപ്പിയ്ക്കുന്നു) വേന ലിന്റെ ദുരിതങ്ങൾ നീക്കി കാരുണ്യാമൃതം ചൊരിഞ്ഞ്, വേദാന്തിക ളായ മുനിമാർക്കു സന്തോഷം ജനിപ്പിച്ച്, സുരാരാദ്ധ്യനും ഇച്ഛാകൃതി യും ജടാധരനുമായി, ഭക്തന്മാരായ മയിലുകൾ നൃത്തമാടുന്ന മലനിരക ളിൽ പ്രത്യക്ഷപ്പെടുന്ന മേഘരൂപനായ നിന്നെ എന്റെ മനസ്സാകുന്ന വേഴാമ്പൽ സദാ മോഹിയ്ക്കുന്നു.

ചൂടിൽ ചുട്ടുപഴുത്ത മണ്ണിലമൃതം വർഷിച്ചു വിദ്യാവനം
പാടേ സസ്യഫലങ്ങളായി സുമനോത്സംഗം വളർത്തുന്ന നീ
കോടീരാങ്കിത നീലകണ്ഠ, മലമേലാനന്ദനൃത്തം പകർ -
ന്നാടുമ്പോൾ വിരഹാർദ്രമെന്റെ ഹൃദയം കേഴുന്നു വേഴാമ്പലായ്!

53

ആകാശേന ശിഖീ സമസ്തഫണിനാം നേത്രാ കലാപീ നതാ-
നുഗ്രാഹിപ്രണവോപദേശനിനദൈഃ കേകീതി യോ ഗീയതേ
ശ്യാമാം ശൈലസമുദ്ഭവാം ഘനരുചിം ദൃഷ്ട്വാ നടന്തം മുദാ
വേദാന്തോപവനേ വിഹാരരസികം തം നീലകണ്ഠം ഭജേ

(ഈ ശ്ലോകത്തിൽ ശിവനെ ഒരു മയിലായി സങ്കൽപ്പിയ്ക്കുന്നു) നീലക ണ്ഠനായ, ആകാശം ജടയാക്കിയ, സർപ്പങ്ങളെ മാലയാക്കിയ (കീഴട ക്കിയ), സർവാലംകൃതനായ (വർണത്തൂവലുകളുള്ള) ഭക്തന്മാരെ ഓം കാരസ്വരത്തിൽ അനുഗ്രഹിയ്ക്കുന്ന (കേകീസ്വരത്തിൽ കരയുന്ന) മനോ ഹരിയായ ഗിരിസുതയെ കണ്ട് (കാർമേഘങ്ങളെ കണ്ട്) വേദാന്ത (വന)ത്തിൽ ആനന്ദനൃത്തം ചെയ്യുന്ന, ശിവനെ ഞാൻ ഭജിയ്ക്കുന്നു.

പീലിപ്പൂജട താരകങ്ങളണിമാലയ്ക്കു ഭോഗീഗണം
ഭൂലോകർക്കുപദേശമായി മഹതാമോംകാരകേകീ സ്വരം
നീലാഭം മലമേലുയർന്ന ഗിരിജാസൗന്ദര്യപൂരത്തിലാ-
ലോലം നർത്തകനീലകണ്ഠപദവിന്യാസങ്ങളെന്നാശ്രയം!

54

സന്ധ്യാഘർമ്മദിനാത്യയോ ഹരികരാഘാതപ്രഭൂതാനക-
ധ്വാനോ വാരിദഗർജ്ജിതം ദിവിഷദാം ദൃഷ്ടിച്ഛടാ ചഞ്ചലാ
ഭക്താനാം പരിതോഷബാഷ്പവിതതിർവൃഷ്ടിർമയൂരീ ശിവാ
യസ്മിന്നുജ്ജ്വലതാണ്ഡവം വിജയതേ തം നീലകണ്ഠം ഭജേ!

ചൂടേറിയ പകലിനുശേഷം സന്ധ്യയ്ക്കു ചെണ്ടമേളംപോലെ ഇടി മുഴങ്ങി സ്വർഗവാസികളുടെ കടാക്ഷങ്ങളായ മിന്നൽപ്പിണർ തെളിഞ്ഞു ഭക്തന്മാരുടെ ആനന്ദക്കണ്ണീരായി മഴ പെയ്യുമ്പോൾ മയിലിനെപ്പോലെ നൃത്തം ചെയ്യുന്ന നീലകണ്ഠനായ നിന്നെ ഞാൻ ഭജിക്കുന്നു.

ചൂടൊന്നാറിയൊരന്തിവേനലൊടുവിൽ ഗോവിന്ദപഞ്ചാരി കേ-
ട്ടാടിക്കാറിടിവെട്ടി മിന്നലൊളിയായ് വാനോർമിഴിത്തല്ലുകൾ
കൂടിക്കൂടിവരുന്ന ഭക്തഹൃദയാനന്ദാശ്രു വർഷാപത-
ദ്ധാടിയ്ക്കാടിയ നീലകണ്ഠനടനോല്ലാസം നമുക്കാശ്രയം!

55

ആദ്യായാമിതതേജസേ ശ്രുതിപദൈഃ വേദ്യായ സാധ്യായ തേ
വിദ്യാനന്ദമയാത്മനേ ത്രിജഗതഃ സംരക്ഷണോദ്യോഗിനേ
ധ്യേയായാഖിലയോഗിഭിഃ സുരഗണൈഃ ഗേയായ മായാവിനേ
സമ്യക്താണ്ഡവസംഭ്രമായ ജടിനേ സേയം നതിഃ ശംഭവേ!

ആദ്യനായ, തേജസ്വിയായ, മൂന്നു വേദങ്ങളിൽ വിദ്യാരൂപിയായ, ത്രിലോകങ്ങളുടെ രക്ഷകനായ, യോഗികളുടെ ധ്യാനപുരുഷനായ, ദേവന്മാർക്കാരാദ്ധ്യനായ, മായയുടെ സ്രഷ്ടാവായ, താണ്ഡവത്തിൽ നിപുണനായ, ജടാധാരിയായ, ശിവനെ ഞാനിതാ നമസ്കരിയ്ക്കുന്നു.

ഒന്നാമൻ, തെളിവേറുവോൻ, മറകളിൽ കാണുന്നവൻ, സാദ്ധ്യനാ-
യെന്നാത്മാവറിയുന്നവ,ന്നുലകു മൂന്നിന്നും തുണയ്ക്കേത്തുവോൻ
ധ്യാനത്തിന്നുരുവായവ,ന്നമരസംഗീതപ്രിയൻ, മായ പൂ-
ണ്ടാനന്ദോത്സവനൃത്തമാടിയ ജടാചൂഡന്നു കൈ കൂപ്പുവേൻ!

56

നിത്യായ ത്രിഗുണാത്മനേ പുരജിതേ കാത്യായനീശ്രേയസേ
സത്യായാദികുടുംബിനേ മുനിമനഃ പ്രത്യക്ഷചിന്മൂർത്തയേ
മായാസൃഷ്ടജഗത്ത്രയായ സകലാമ്നായാന്തസംചാരിണേ
സമ്യക്താണ്ഡവസംഭ്രമായ ജടിനേ സേയം നതിഃ ശംഭവേ!

നിത്യനും ത്രിഗുണാത്മകനും ത്രിപുരഹരനും കാത്യായനീവല്ലഭനും ലോകനാഥനും മുനിമാർക്കു സദാ പ്രത്യക്ഷനും ത്രൈലോക്യങ്ങൾ സൃഷ്ടിച്ചവനും വേദങ്ങളിൽ സഞ്ചരിക്കുന്നവനും സന്ധ്യക്കു നൃത്തം ചെയ്യുന്നവനും ജടാധരനുമായ ശിവനെ ഞാനിതാ നമസ്കരിക്കുന്നു.

എന്നും മൂന്നു ഗുണങ്ങളായി നിലനിൽക്കുന്നോൻ, പുരം വെന്നവ-
ന്നൊ,ന്നാമത്തെ കുടുംബനാഥ,നൃഷിമാർക്കുന്നായ് വെളിപ്പെട്ടവൻ
നാനാലോകമുണർത്തിവിട്ടഖിലവേദാന്തങ്ങളിൽ സഞ്ചരി-
ച്ചാനന്ദോത്സവനൃത്തമാടിയ ജടാചൂഡന്നു കൈ കുപ്പുവേൻ!

57

നിത്യം സ്വോദരപോഷണായ സകലാനുദ്ദിശ്യ വിത്താശയാ
വ്യർത്ഥം പര്യടനം കരോമി ഭവതഃ സേവാം ന ജാനേ വിഭോ
മജ്ജന്മാന്തരപുണ്യപാകബലതസ്ത്വം ശർവ സർവാന്തര-
സ്തിഷ്ഠസ്യേവ ഹി തേന വാ പശുപതേ തേ രക്ഷനീയോസ്മ്യഹം!

ഉദരപോഷണത്തിൽ കവിഞ്ഞൊരു ലക്ഷ്യവുമില്ലാതെ ധനാശയുമായി നടക്കുന്ന എനിക്കു നിന്റെ പൂജാവിധികളൊന്നും അറിയില്ല. പൂർവപുണ്യബലം മൂലം സകലതിലും നീ നിറഞ്ഞു നിൽക്കുന്നതായ ഒരൊറ്റ അറിവുകൊണ്ടുതന്നെ നിനക്കെന്നെ രക്ഷിയ്ക്കാനുള്ള ബാദ്ധ്യതയുണ്ട്.

നിത്യം തെണ്ടി നടന്നു ഞാനുദരപൂരത്തിന്നുദാരാന്തിക-
ത്ത,ത്യാശയ്ക്കു വശംവദൻ ശിവസപര്യയ്ക്കില്ല തെല്ലാശയും
കൃത്യാനന്തരപുണ്യമുണ്ടൊരറിവായെന്നുള്ളിലും നീ,യതേ
സത്യം മാത്രമെനിയ്ക്കു ശക്തിയതിനാലെൻ രക്ഷ നീതാൻ വിഭോ!

58

ഏകോ വാരിജബാന്ധവഃ ക്ഷിതിനഭോ വ്യാപ്തം തമോമണ്ഡലം
ഭിത്വാ ലോചനഗോചരോപി ഭവതി ത്വം കോടിസൂര്യപ്രഭഃ
വേദ്യഃ കിന്ന ഭവസ്യഹോ ഘനതരം കീദൃഗ്ഭവേന്മത്തമ-
സ്തത്സർവം വ്യപനീയ മേ പശുപതേ സാക്ഷാത് പ്രസന്നോ ഭവ!

ഒരേയൊരു സൂര്യൻ ഭൂമിയിലും ആകാശത്തും ഇരുട്ടു നീക്കി സകലർക്കും കാണാനാവുന്നു. പക്ഷേ, കോടിസൂര്യന്മാരുടെ പ്രഭയുള്ള നിന്നെ എനിയ്ക്കു കാണാനാവുന്നില്ല! എന്റെ മനസ്സിലെ ഇരുട്ട് അത്ര കനത്തതാണെങ്കിൽ ആ ഇരുട്ടു നീക്കി നീ പ്രസന്നനായി പ്രകാശിച്ചാലും!

കുന്നായുള്ളൊരിരുട്ടകറ്റിയുലകും വാനും വെളുപ്പിയ്ക്കുവാ-
നൊന്നേയുള്ളൊരു സൂര്യ,നെങ്കിലമലൻ നീ കോടിസൂര്യപ്രഭൻ
എന്നിട്ടെന്തൊരു നോക്കു കാണുവതിനിന്നാകാത്തതെന്തെന്മന-
സ്സിന്നുണ്ടോ തിമിരം ഹരേ,യിരുളൊഴിച്ചെന്നിൽ തെളിഞ്ഞാവു നീ!

59

ഹംസഃ പത്മവനം സമിച്ഛതി യഥാ നീലാംബുദം ചാതകഃ
കോകഃ കോകനദപ്രിയം പ്രതിദിനം ചന്ദ്രം ചകോരസ്തഥാ
ചേതോ വാഞ്ഛതി മാമകം പശുപതേ ചിന്മാർഗമൃഗ്യം വിഭോ
ഗൌരീനാഥ ഭവത്പദാബ്ജയുഗലം കൈവല്യസൌഖ്യപ്രദം!

ഹംസത്തിനു താമരപ്പൊയ്കയോടും വേഴാമ്പലിനു മഴക്കാറിനോടും കോകത്തിനു സൂര്യനോടും ചകോരത്തിനു ചന്ദ്രനോടും സ്വാഭാവികമായ അഭിനിവേശം ജനിയ്ക്കുന്നതുപോലെ കൈവല്യദായകമായ ശിവപാദം പ്രാപിച്ചു ഞാൻ ആത്മജ്ഞാനം നേടാനാഗ്രഹിയ്ക്കുന്നു.

തേടുന്നുണ്ടരയന്നമംബുജതടം വേഴാമ്പലംബുധരം
കൂടും ചന്ദ്രചകോരമെന്നതുകണക്കാദിത്യനിൽ കോകവും
കൂടുന്നെന്മനതാരിലാശയൊരുനാൾ വേദാന്തമാർഗങ്ങളെ-
ത്തേടിക്കണ്ടപരാനുഭൂതി നുകരാൻ ഗൗരീശപാദങ്ങളിൽ!

60

രോധസ്തോയഹൃതഃ ശ്രമേണ പഥികശ്ഛായാം തമോർവൃഷ്ടിതോ
ഭീതഃ സ്വസ്ഥഗൃഹം ഗൃഹസ്ഥമതിഥിർദീനഃ പ്രഭും ധാർമ്മികം
ദീപം സന്തമസാകുലശ്ച ശിഖിനം ശീതാവൃതസ്ത്വം തഥാ
ചേതഃ സർവഭയാപഹം വ്രജ സുഖം ശംഭോഃ പദാംഭോരുഹം!

വെള്ളത്തിൽ വീണവനു തീരവും നടന്നു ക്ഷീണിച്ചവനു മരത്തണലും മഴ കൊള്ളുന്നവനു വീടും അതിഥിക്കു ഗൃഹസ്ഥനും ദരിദ്രനു പ്രഭുവും ഇരുട്ടിനു വിളക്കും തണുപ്പിനു തീയുംപോലെ, എന്റെ മനസ്സു സകല ഭയവും തീർക്കുന്ന ശിവപാദത്തിൽ ചേർന്നു സുഖം പ്രാപിക്കട്ടെ!

മുങ്ങുന്നോനു വടം, നടന്നവശനാരാമം, മഹാമാരിയിൽ
തങ്ങാനുള്ളൊരിടം, ഗൃഹസ്ഥനതിഥി,ക്കാർത്തന്നുദാരൻ പ്രഭു
തിങ്ങും കൂരിരുളിന്നു ദീപ,മനലൻ ശൈത്യത്തി,നിന്നീവിധം
പൊങ്ങും ഖേദഭയങ്ങളൊക്കെയൊഴിവായ് തന്നാവു സൌഖ്യം വിഭോ!

61

അങ്കോലം നിജബീജസന്തതിരയസ്കാന്തോപലം സൂചികാ
സാധ്വീ നൈജവിഭും ലതാ ക്ഷിതിരുഹം സിന്ധുഃ സരിദ്വല്ലഭം
പ്രാപ്നോതീഹ യഥാ തഥാ പശുപതേഃ പാദാരവിന്ദദ്വയം
ചേതോവൃത്തിരുപേത്യ തിഷ്ഠതി സദാ സാ ഭക്തിരിത്യുച്യതേ!

അങ്കോലത്തിന്റെ വിത്തു വൃക്ഷത്തിലേക്കും ഇരുമ്പ് സൂചിയിലേക്കും പതിവ്രത ഭർത്താവിലേക്കും വള്ളികൾ വൃക്ഷത്തിലേക്കും നദി സമുദ്രത്തിലേക്കും ചെന്നുചേരുന്നതുപോലെ ശിവപാദങ്ങളിൽ സ്വന്തം ചിത്തവൃത്തികൾ സമർപ്പിക്കുന്നതിനെയാണു നാം ഭക്തിയെന്നു പറയുന്നത്.

അങ്കോലക്കുരു പൂങ്കുലയ്ക്കല്ല,മയസ്കാന്തം ശരത്തുമ്പിലും
തങ്കത്തേന്മൊഴിയാത്മനായകനിലും തേന്മുല്ല തേന്മാവിലും
ശങ്കിക്കാതെ നദീജലം കടലിലും ചേരുന്നപോൽ ചിത്തമാ-
തങ്കം വിട്ടു ശിവങ്കലേക്കതിനെ നാം ചൊല്ലുന്നിതുൾഭക്തിയായ്!

62

ആനന്ദാശ്രുഭിരാതനോതി പുളകം നൈർമ്മല്യതച്ഛാദനം
വാചാശങ്ഖമുഖേസ്ഥിതൈശ്ച ജഠരാപൂർത്തിം ചരിത്രാമൃതൈഃ
രുദ്രാക്ഷൈർഭസിതേന ദേവ വപുഷോ രക്ഷാം ഭവദ്ഭാവനാ-
പര്യങ്കേ വിനിവേശ്യ ഭക്തിജനനീ ഭക്താർഭകം രക്ഷതി!

ഭക്തനായ കുഞ്ഞിനെ ധ്യാനമായ ഭാവനയുടെ മടിയിലിരുത്തി ഭസ്മവും രുദ്രാക്ഷവും നൽകി വാക്കിന്റെ ശംഖ് ചുണ്ടിൽ ചേർത്തു ശിവകഥാമൃതം പകരുന്ന ഭക്തിസ്വരൂപിണിയായ അമ്മയെ കണ്ട് എനിയ്ക്കു സന്തോഷാശ്രുക്കളും പുളകവും മനസ്സിനു ശുദ്ധിയും ഉണരുന്നു.

ധ്യാനത്തിന്റെ മടിത്തടത്തിലുണരും ഭക്തനു ഭസ്മാദ്യുപാ-
ധാനത്തോടെ സുരക്ഷിതത്വമരുളും ഭക്ത്യംബ വാഗ്ശംഖിനാൽ
തേനോലും ശിവമായ നാവിലമൃതം തേയ്ക്കുന്ന വാത്സല്യവായ്-
പ്പാനന്ദാശ്രുവൊഴുക്കി ഹർഷപുളകം പൂണ്ടിന്നു കണ്ടാവു ഞാൻ!

63

മാർഗാവർത്തിതപാദുകാ പശുപതേരങ്ഗസ്യ കൂർച്ചായതേ
ഗണ്ഡൂഷാംബുനിഷേചനം പുരരിപോർദിവ്യാഭിഷേകായതേ
കിംചിദ്ഭക്ഷിതമാംസശേഷകബലം നവ്യോപഹാരായതേ
ഭക്തിഃ കിം ന കരോത്യഹോ വനചരോ ഭക്താവതംസായതേ!

വളരെ ദൂരം നടന്നു തേഞ്ഞുരഞ്ഞ ദർഭപ്പുല്ലിന്റെ ചെരുപ്പു പൂജാപീഠമായും, കവിൾക്കൊണ്ടു തുപ്പിയ മദ്യം പാലഭിഷേകമായും, സ്വയം ഭക്ഷിച്ച മാംസം നിവേദ്യമായും നീ സ്വീകരിച്ചില്ലേ? അങ്ങനെ വനചരനായ ഞാൻ ഭക്തോത്തമനായില്ലേ? ഭക്തിയ്ക്ക് അസാദ്ധ്യമായി എന്തുണ്ട്?!

ദൂരം പാരമലഞ്ഞ പാദുകമിതർപ്പിക്കുന്നു പാദ്യം, മിതാ-
ഹാരം പാതി കഴിച്ച പച്ചമൃഗമാംസോച്ഛിഷ്ടനേദ്യം മുദാ
നീരാടാനൊരു കുട്ടകം നിറയെ വായ്ക്കൊണ്ടുള്ള മദ്യം, ഹിതാ-
ചാരത്തിൽ വനവേടനും പരമഭക്ത,നെന്തസാദ്ധ്യം വിഭോ?

64

വക്ഷസ്താഡനമന്തകസ്യ കഠിനാപസ്മാരസമ്മർദ്ദനം
ഭൂഭൃത്പര്യടനം നമസ്സുരശിരഃകോടീരസംഘർഷണം
കർമ്മേദം മൃദുലസ്യ താവകപദദ്വന്ദ്വസ്യ ഗൌരീപതേ
മച്ചേതോമണിപാദുകാവിഹരണം ശംഭോ സദാങ്ഗീകുരു!

കാലന്റെ മാറിലും ചുഴലിയുടെ ശിരസ്സിലും ചവിട്ടി നിന്നു മർദ്ദിയ്ക്കുകയും നാട്ടുതോറും നടക്കുകയും കാലിൽ വീണു നമസ്കരിയ്ക്കുന്ന ദേവന്മാരുടെ കിരീടങ്ങളിൽ ഉരസുകയും ചെയ്യുന്ന നിന്റെ മൃദുലപാദങ്ങൾ ഇനി എന്റെ മനസ്സാകുന്ന പാദുകം ധരിച്ചു നീ പരിപാലിച്ചാലും!

കാലൻ തന്നുടെ മാറിലും ചുഴലി തൻ മൂർദ്ധാവിലും വെച്ച നിൻ
കാലിൽ താണു തൊഴുന്ന ദേവമകുടോദ്ഘർഷങ്ങളൊട്ടേൽക്കയാൽ
കാലാരേ ചെറുതായി ചോര പൊടിയും പാദത്തിനിന്നെന്മന-
സ്സാലേ നല്ലൊരു പാദുകം പണിതിനി സ്വൈരം ചരിയ്ക്കാവു നീ!

65

വക്ഷസ്താഡനശങ്കയാ വിചലിതോ വൈവസ്വതോ നിർജ്ജരാഃ
കോടീരോജ്ജ്വലരത്നദീപകലികാനീരാജനം കുർവതേ
ദൃഷ്ട്വാ മുക്തിവധൂസ്തനോതി നിഭൃതാശ്ലേഷം ഭവാനീപതേ
യച്ചേതസ്തവ പാദപത്മഭജനം തസ്യേഹ കിം ദുർലഭം!

നെഞ്ചിൽ പ്രഹരമേൽക്കുമെന്ന ഭയം മൂലം യമൻ ഓടിപ്പോയി; ദേവന്മാർ നിന്റെ കിരീടത്തിലെ മുത്തുമണികൾകൊണ്ടു ദീപാരാധന നടത്തി; മോക്ഷവധു എന്നെ കണ്ട് അടുത്തു വന്നു ഗാഢാലിംഗനം ചെയ്തു; നിന്നെ ഭജിയ്ക്കുന്നവർക്കു ദുഷ്ക്കരമായി എന്താണുള്ളത്?

നെഞ്ചിൽ താഡനശങ്കയാൽ യമനൊഴിഞ്ഞേ പോയി; ദേവർഷിമാ-
രഞ്ചും രത്നകിരീടമഞ്ജുമണിയാൽ ചെയ്യുന്നു നീരാജനം;
തഞ്ചം നോക്കിയണഞ്ഞു മുക്തിവധു ഗാഢാലിംഗനം ചെയ്യുവാ-
നെൻചാരത്തു; ശിവാത്മപാദഭജനം കൊണ്ടെന്തസാദ്ധ്യം വിഭോ?

66

ക്രീഡാർത്ഥം സൃജസി പ്രപഞ്ചമഖിലം ക്രീഡാമൃഗാസ്തേ ജനാഃ
യത്കർമ്മാചരിതം മയാ ച ഭവതഃ പ്രീത്യൈ ഭവത്യേവ തത്
ശംഭോ സ്വസ്യ കുതൂഹലസ്യ കരണം മച്ചേഷ്ടിതം നിശ്ചിതം
തസ്മാൻ മാമകരക്ഷണം പശുപതേ കർത്തവ്യമേവ ത്വയാ!

പ്രപഞ്ചത്തെ ഒരു കളിക്കളവും ജനങ്ങളെ കളിപ്പാട്ടങ്ങളുമായി നീ സൃഷ്ടിച്ചു. നിനക്കു സന്തോഷകരമായ കാര്യങ്ങളാണു ഞാൻ ചെയ്യുന്നത്. തീർച്ചയായും എന്റെ കർമ്മങ്ങളാണു നിന്റെ ആനന്ദത്തിനു കാരണവും. അതുകൊണ്ട് എന്നെ രക്ഷിക്കേണ്ട ബാദ്ധ്യതയും നിനക്കുണ്ട്.

ലോകം നിന്റെ കളിക്കളം മനുജരീ ഞാനും കളിപ്പാവകൾ-
ക്കാകെക്കൂടിയൊരൊറ്റ ലക്ഷ്യമതു നിന്നാനന്ദസാക്ഷാത്ക്കരം!
നാകോല്ലാസസുഖം ലഭിപ്പതു നിനക്കെൻകർമ്മസാഫല്യമെ-
ന്നാകുമ്പോളിനിയെന്റെ രക്ഷ തവ കർത്തവ്യം ഭവാനീപതേ!

67

ബഹുവിധപരിതോഷബാഷ്പപൂര-
സ്ഫുടപുളകാങ്കിതചാരുഭോഗഭൂമിം
ചിരപദഫലകാംക്ഷിസേവ്യമാനാം
പരമസദാശിവഭാവനാം പ്രപദ്യേ!

പലവിധ സുഖങ്ങൾ അനുഭവിച്ചു സന്തോഷാശ്രുക്കളും രോമാഞ്ചങ്ങളും സംഭവിയ്ക്കുന്ന എന്റെ ഈ ശരീരംകൊണ്ട്, വളരെക്കാലമായി ഞാൻ മോഹിയ്ക്കുന്ന വിധത്തിൽ, നിന്നെ ആരാധിച്ചു നിന്റെ പരമാത്മപദത്തിൽ ലയിച്ചുകൊള്ളാം!

പലവിധസുഖശാലി മോദബാഷ്പാ-
കുലപുളകാങ്കിതമാകുമെൻ ശരീരം
പല ജനികളിലൂടെ നിന്റെ സേവാ-
ഫലപരമാത്മപദം വരിച്ചുകൊള്ളാം!

68

അമിതമുദമൃതം മുഹുർദുഹന്തീം
വിമലഭവത്പദഗോഷ്ഠമാവസന്തീം
സദയ പശുപതേ സുപുണ്യപാകാം
മമ പരിപാലയ ഭക്തിധേനുമേകാം!

പൂർവപുണ്യഫലമായി ലഭിച്ച നിരന്തരം ആനന്ദാമൃതം ചുരത്തി നിന്റെ നിർമ്മലമായ പാദങ്ങൾക്കു സമീപം കാത്തു നിൽക്കുന്ന എന്റെ ഭക്തി യാകുന്ന പശുവിനെ നീ ദയാപൂർവം പരിപാലിച്ചാലും!

അധികസുഖരസം കറന്നെടുക്കാൻ
വിധമരികിൽ തവ ചേർന്നുനിൽക്കുമെന്നും
വിധിസുകൃതമിതെന്റെ ഭക്തിയാം ഗോ-
വധുവിനെ നോക്കിവളർത്തിടാവു ശംഭോ!

69

ജഡതാ പശുതാ കലങ്കിതാ
കുടിലചരത്വം ച നാസ്തി മയി ദേവ
അസ്തി യദി രാജമൌലേ
ഭവദാഭരണസ്യ നാസ്മി കിം പാത്രം?

ജഡത്വം (ഗംഗ), മൃഗത്വം (മാൻ), കളങ്കം (ചന്ദ്രക്കല), കുടിലഗതി (സർപ്പം) തുടങ്ങിയ ദോഷങ്ങളൊന്നും എനിയ്ക്കില്ല. എന്നിട്ടും എന്തു കൊണ്ടാണു നീയെന്നെ ഒരാഭരണമാക്കി അണിയാത്തത്?

ജഡനോ മൃഗമോ കറുത്തവൻ
കുടിലനുമല്ലാത്തിവന്നു വിപരീതം
വന്നതിനു കാര്യമെന്തോ
തവ ദേഹമലങ്കരിയ്ക്കുവാൻ യോഗം?

70

അരഹസി രഹസി സ്വതന്ത്രബുദ്ധ്യാ
വരിവസിതും സുലഭഃ പ്രസന്നമൂർത്തിഃ
അഗണിതഫലദായകഃ പ്രഭുർമേ
ജഗദധികോ ഹൃദി രാജശേഖരോസ്തി!

പരസ്യവും രഹസ്യവും സ്വതന്ത്രവും അനായാസവുമായി ആരാധിയ്ക്കാവുന്ന, പ്രസന്നരൂപനും കണക്കറ്റ ഫലങ്ങൾ നൽകി അനുഗ്രഹിയ്ക്കുന്നവനും ലോകനായകനുമായ, രാജശേഖരനെ ഞാൻ ധ്യാനിയ്ക്കുന്നു.

മറവിലറിവിലും സ്വതന്ത്രസേവാ-
മുറകളിലേതതിലും പ്രസന്നനായി
കുറവൊഴിവൊരുപാട്ടു സദ്ഫലങ്ങൾ-
ക്കുറവിടമായൊരുമാപതേ നമസ്തേ!

71

ആരൂഢഭക്തിഗുണകുഞ്ചിതഭാവചാപ-
യുക്തൈഃ ശിവസ്മരണബാണഗണൈരമോഘൈഃ
നിർജ്ജിത്യ കിൽബിഷരിപൂൻ വിജയീ സുധീന്ദ്രഃ
സാനന്ദമാവഹതി സുസ്ഥിരരാജലക്ഷ്മീം!

ധ്യാനത്തിന്റെ വില്ലിൽ കുലച്ച ഭക്തിയുടെ ഞാണിൽ തൊടുത്തുവിട്ട ശിവനാമങ്ങളുടെ ശരമാരിയിൽ ശത്രുക്കളായ പാപങ്ങളെ തോൽപ്പിച്ചു വരുന്ന ധീരനെ, രാജലക്ഷ്മി ആരതിയുഴിഞ്ഞു സ്വീകരിയ്ക്കുന്നു.

ധ്യാനത്തിലൂന്നിയ ധനുസ്സു കുലച്ചു ഭക്തി-
ഞാണിൽ തൊടുത്ത ശിവനാമശരങ്ങളാലേ
നാനാപരാധദുരിതങ്ങളെ വെന്ന ധീര-
ന്നാനന്ദമാരതിയുഴിഞ്ഞു വരുന്നു ലക്ഷ്മി!

72

ധ്യാനാഞ്ജനേന സമവേക്ഷ്യ തമഃപ്രദേശം
ഭിത്വാ മഹാബലിഭിരീശ്വരനാമമന്ത്രൈഃ
ദിവ്യാശ്രിതം ഭുജഗഭൂഷണമുദ്വഹന്തി
യേ പാദപത്മമിഹ തേ ശിവ തേ കൃതാർത്ഥാഃ!

ധ്യാനത്തിലൂടെ കണ്ടറിഞ്ഞ അജ്ഞാനമാകുന്ന അന്ധകാരം നാമമന്ത്രങ്ങളും ബലിതർപ്പണങ്ങളുംകൊണ്ടു നശിപ്പിച്ച് ദേവന്മാരുടെ ആശ്രയവും സർപ്പങ്ങൾ ചുറ്റിപ്പിണഞ്ഞതുമായ നിന്റെ പാദങ്ങളെ കണ്ടെത്തുന്നവർ സ്വയം കൃതാർത്ഥരായിത്തീരുന്നു.

ഉൾക്കണ്ണിലൂടെ വെളിവായ തമോവനങ്ങ-
ളുൾക്കൊണ്ടു നാമബലിപൂജകളാലടക്കി
ഉൾക്കാതലായ ഭുജഗാഭരണന്റെ പാദ-
മുൾക്കാമ്പിലേറ്റിയവരെന്നുമതീവധന്യർ!

73

ഭൂദാരതാമുദവഹദ്യദപേക്ഷയാ ശ്രീ-
ഭൂദാര ഏവ കിമതഃ സുമതേ ലഭസ്വ
കേദാരമാകലിതമുക്തിമഹൌഷധീനാം
പാദാരവിന്ദഭജനം പരമേശ്വരസ്യ!

മഹാവിഷ്ണു പണ്ടു പന്നിയുടെ രൂപം ധരിച്ചു ഭൂമി തുരന്നു താഴോട്ടു പോയത് എന്തിനുവേണ്ടിയായിരുന്നു? ശിവപാദത്തിൽ ഭജനം ചെയ്തു മോക്ഷോപായമായ രഹസ്യൗഷധം ലഭിയ്ക്കുന്നതിനുവേണ്ടിത്തന്നെ!

എന്തിന്നുവേണ്ടി ഹരി പണ്ടൊരു പന്നിയായി-
ട്ടന്തം വിനാ ധര തുരന്നു ഹരാന്തികത്തിൽ?
ചിന്തിയ്ക്ക, മുക്തിഫലകന്ദമൊരൊറ്റമൂലി-
യേന്തുന്ന ശങ്കരപദാംബുജസേവ ചെയ്‌വാൻ!

74

ആശാപാശക്ലേശദുർവാസനാദി-
ഭേദോദ്യുക്തൈ: ദിവ്യഗന്ധൈരമന്ദൈഃ
ആശാശാടീകസ്യ പാദാരവിന്ദം
ചേതഃപേടീം വാസിതാം മേ തനോതു!

ദിഗംബരനായ പരമശിവന്റെ പാദാരവിന്ദത്തിൽ നിന്നുയരുന്ന ദിവ്യമായ സുഗന്ധം എന്റെ മനസ്സിലെ ആശകളും ബന്ധങ്ങളും ക്ലേശങ്ങളും ദുർവാസനകളും നശിപ്പിച്ച് സൗരഭ്യപൂർണമാക്കട്ടെ!

ദിക്കങ്ങെട്ടും തിങ്ങിവിങ്ങുന്ന നിന്റെ
തൃക്കാൽത്താരിൻ പുണ്യഗന്ധപ്രകാശം
ഉൾക്കാമ്പിൽ മേ തങ്ങിനിൽക്കുന്നസംഖ്യം
ദുഷ്ക്കാമങ്ങൾക്കന്ത്യമായ് തീർന്നിടട്ടെ!

75

കല്യാണിനാം സരസചിത്രഗതിം സവേഗം
സർവേങ്ഗിതജ്ഞമനഘം ധ്രുവലക്ഷണാഢ്യം
ചേതസ്തുരങ്ഗമധിരുഹ്യ ചര സ്മരാരേ
നേതഃ സമസ്തജഗതാം വൃഷഭാധിരൂഢ!

നല്ല ചുറുചുറുക്കും ഗതിഭേദങ്ങളും പരേംഗിതം അറിയാനുള്ള കഴിവും തികഞ്ഞു ശുഭലക്ഷണങ്ങളുള്ള എന്റെ മനസ്സാകുന്ന ഈ കുതിരയുടെ പുറത്തു കയറി ലോകനാഥനായ നീ സർവത്ര സഞ്ചരിച്ചാലും!

കുടിക്കലർന്ന പരമിംഗിതമൊട്ടറിഞ്ഞു
ചാടിക്കുതിച്ച വരലക്ഷണമൊത്തിണങ്ങി
കേടറ്റൊരിക്കുതിര,യെന്മനതാരി,ലേറി
നാടായ നാട്ടു മുഴുവൻ ഹര, സഞ്ചരിക്കൂ!

76

ഭക്തി: മഹേശപദപുഷ്കരമാവസന്തീ
കാദംബിനീവ കുരുതേ പരിതോഷവർഷം
സമ്പൂരിതോ ഭവതി യസ്യ മനസ്തടാക-
സ്തജ്ജന്മസസ്യമഖിലം സഫലം ച നാന്യത്!

ശിവപാദങ്ങളെ ആശ്രയിക്കുന്ന ഭക്തി മേഘമായി, മഴയായി, പെയ്യുന്ന സന്തോഷം, ആരുടെ മനസ്തടാകത്തിലാണോ വീണു നിറയുന്നത്, അവരുടെ ജന്മങ്ങൾ സഫലങ്ങളാകും, അല്ലാത്തവ വിഫലവും!

മാരാന്തകന്റെ കഴൽപറ്റിയുയർന്ന ഭക്തി-
നീരാംബുദങ്ങൾ മഴയായ് ചൊരിയുന്ന ഹർഷം
പാരം പരന്നു നിറയുന്ന മനസ്തടാക-
തീരം സുജന്മസഫലം, വിഫലങ്ങളന്യം!

77

ബുദ്ധിഃസ്ഥിരാ ഭവിതുമീശ്വരപാദപദ്മ-
സക്താ വധൂ: വിരഹിണീവ സദാ സ്മരന്തീ
സദ്ഭാവനാസ്മരണദർശനകീർത്തനാദി
സമ്മോഹിതേവ ശിവമന്ത്രജപേന വിന്തേ!

ഭർത്താവിനെ വേർപിരിഞ്ഞ ഭാര്യയുടെ മനസ്സുപോലെ, ബുദ്ധി ഈശ്വരപാദത്തിൽ അചഞ്ചലയായി നിൽക്കുന്നതിനുവേണ്ടി വാക്കിലും ചിന്തയിലും കാഴ്ചയിലും ഓർമ്മയിലും സദാ ശിവനാമം ജപിക്കുന്നു.

അന്തർഗതത്തിലുരുഭക്തിയുറച്ചു കാണാ-
നന്തർമ്മുഖാത്മഗതി പിന്തുടരുന്ന ബുദ്ധി
മന്ത്രം ജപ, സ്മരണമെന്നു നിതാന്തചിന്താ-
സന്താപമാർന്നു വിരഹാതുരകാന്തപോലെ!

78

സദ്ഗുപചാരവിധിഷ്വനുബോധിതാം
സവിനയാം സുഹൃദം സദുപാശ്രിതാം
മമ സമുദ്ധര ബുദ്ധിമിമാം പ്രഭോ
വരഗുണേന നവോഢവധൂമിവ!

വരൻ വിവാഹസമയത്തു വധുവിനെ എന്നപോലെ നീ വിനയം, സൗഹൃദം, ശുശ്രൂഷ, തുടങ്ങിയ ഉപചാരങ്ങളിൽ ശിക്ഷണം നേടിയ എന്റെ ബുദ്ധിയെ കൈപിടിച്ചു മുന്നോട്ടു നയിച്ചാലും!

വിനയവും നയവും സുവിചാരവും
വിധിവശേന ലഭിച്ചൊരു ബുദ്ധിയെ
വധുവിനെ പ്രിയനെന്ന കണക്കു നീ
വരവഴിക്കു നയിക്കു സദാ വിഭോ!

79

നിത്യം യോഗിമനഃ സരോജദലസഞ്ചാരക്ഷമഃ ത്വത്ക്രമഃ
ശംഭോ തേന കഥം കഠോരയമരാഡ്വക്ഷഃകവാടക്ഷതിഃ
അത്യന്തം മൃദുലം ത്വദങ്ഘ്രിയുഗലം ഹാ മേ മനശ്ചിന്തയ-
ത്യേതല്ലോചനഗോചരം കുരു വിഭോ ഹസ്തേന സംവാഹയേ!

യോഗികളുടെ താമരയിതൾപോലുള്ള മനസ്സിൽ നിത്യസഞ്ചാരിയായ നിനക്കെങ്ങനെ യമന്റെ കഠിനമായ മാറിടം പിളർക്കാൻ കഴിഞ്ഞു? അതിമൃദുലമായ നിന്റെ പാദങ്ങൾ നേരിട്ടു കാണാനായെങ്കിൽ ഒരുപക്ഷേ എനിക്കു തൊട്ടു തലോടി യാഥാർത്ഥ്യം മനസ്സിലാക്കാമായിരുന്നു!

നിത്യം മാമുനിമാനസങ്ങളിലനായാസം ചരിക്കുന്ന നി-
ന്നത്യന്തം മൃദുപാദമോ യമനു മാർത്തട്ടിൽ തടുക്കാൻ പണി?
സത്യം കണ്ടറിയാനൊരാഗ്രഹമനംഗാരേ,യെനിക്കുണ്ടതി-
ന്നത്യാപത്തു പിണഞ്ഞ നിന്റെ ചരണം തൊട്ടൊന്നുഴിഞ്ഞീടുവാൻ!

80

ഏഷ്യത്യേഷ ജനിം മനോസ്യ കഠിനം തസ്മിൻ നടാനീതി മ-
ദ്രക്ഷായൈ ഗിരിസീമ്നി കോമളപദന്യാസഃ പുരാഭ്യാസിതഃ
നോചേദ്ദിവ്യഗൃഹാന്തരേഷു സുമനഃ തൽപേഷു വേദ്യാദിഷു
പ്രായഃ സത്സു ശിലാതലേഷു നടനം ശംഭോ കിമർഥം തവ?

ജന്മങ്ങൾ കഴിയുന്തോറും കഠിനമായിക്കൊണ്ടിരിയ്ക്കുന്ന എന്റെ മനസ്സിനെ കീഴടക്കുന്നതിനുവേണ്ടിയാണോ നീ സ്വർഗീയമായ അന്ത:പുരങ്ങളും ഗൃഹാങ്കണങ്ങളും പുഷ്പതൽപ്പങ്ങളും വെടിഞ്ഞു പാറക്കെട്ടുകളിൽ മൃദുലപാദങ്ങൾകൊണ്ടു നൃത്താഭ്യാസം നടത്തുന്നത്?

ജന്മന്തോറുമനുക്രമം കഠിനമായ്ത്തീരുന്ന മന്മാനസ-
ത്തിന്മേൽ താണ്ഡവമാടുവാൻ സ്വയമുറച്ചല്ലെങ്കിലെന്തിന്നഹോ
ഉന്മേഷോല്ലസിതങ്ങളായ സുമതൽപ്പങ്ങളെല്ലാം വെടി-
ഞ്ഞുന്മാദിച്ചു ശിലാതലേ മൃദുപദാഭ്യാസം നടത്തുന്നു നീ?

81

കംചിത്കാലമുമാമഹേശ ഭവതഃ പാദാരവിന്ദാർച്ചനൈഃ
കംചിദ്ധ്യാനസമാധിഭിശ്ച നതിഭിഃ കംചിത്കഥാകർണനൈഃ
കംചിത് കംചിദവേക്ഷനൈശ്ച നുതിഭിഃ കംചിദ്ദശാമീദൃശീം
യഃ പ്രാപ്നോതി മുദാ ത്വദർപ്പിതമനാ ജീവൻ സ മുക്തഃ ഖലു!

ഉമാമഹേശ്വരനായ നിന്നെ കുറച്ചുകാലം പൂജ ചെയ്തും കുറച്ചുകാലം സമാധിയിലിരുന്നു ധ്യാനിച്ചും കുറച്ചുകാലം നിന്റെ കഥകൾ കേട്ടും കുറച്ചുകാലം പ്രകീർത്തിച്ചും കഴിയുന്നവർ തീർച്ചയായും ഈ ജീവിതത്തിൽത്തന്നെ നിന്നെ പ്രാപിച്ചു മോക്ഷം നേടുന്നു.

ഓരോ നേരമുമാപതേ ശിവപദാംഭോജം ഭജിച്ചും തുടർ-
ന്നോരോനേരമുപാസനാവിധി കഥാഖ്യാനങ്ങളെന്നിങ്ങനെ
ഓരോരോ തനുദർശനസ്മരണസന്മാർഗങ്ങളിൽക്കൂടി നാ-
മോരോരുത്തരുമാത്മവിദ്യ വഴി കൈവല്യത്തിലെത്തും ദൃഢം!

82

ബാണത്വം വൃഷഭത്വമർദ്ധവപുഷാ ഭാര്യാത്വമാര്യാപതേ
ഘോണിത്വം സഖിതാ മൃദങ്ഗവഹതാ ചേത്യാദി രൂപം ദധൌ
ത്വത്പാദേ നയനാർപ്പണം ച കൃതവാൻ ത്വദ്ദേഹഭാഗോ ഹരിഃ
പൂജ്യാത്പൂജ്യതരഃ സ ഏവ ഹി ന ചേത് കോ വാ തദാന്യോധികഃ?

അമ്പ്, കാള, ശങ്കരനാരായണൻ, മോഹിനി, പന്നി, സുഹൃത്ത്, മൃദംഗ വാദകൻ തുടങ്ങിയ രൂപങ്ങൾ ധരിച്ചു സ്വന്തം കണ്ണുപോലും താമരപ്പൂവായി ശിവപാദത്തിലർപ്പിച്ചു നിന്റെ ദേഹാംശമായ വിഷ്ണുവിനെപ്പോലെ പൂജ്യരിൽ പൂജ്യനായി മറ്റാരാണുള്ളത്?

അമ്പായ് പാതിശരീരിയായ് കമനിയായ് താളജ്ഞനായ് പന്നിയായ്
വമ്പൻ കാളയുമാത്മവത്സലനുമായ് മായാവിയായ് മാറുവോൻ
കമ്പം വിട്ടു മിഴിദ്വയം സുമസമം നിൻകാൽക്കലർച്ചിച്ച ഹൃദ്-
സമ്പന്നൻ ഹരിയെക്കവിഞ്ഞൊരു മഹാസമ്പൂജ്യനാരുണ്ടഹോ!

83

ജനനമൃതിയുതാനാം സേവയാ ദേവതാനാം
ന ഭവതി സുഖലേശഃ സംശയോ നാസ്തി തത്ര
അജനിമമൃതരൂപം സാംബമീശം ഭജന്തേ
യ ഇഹ പരമസൌഖ്യം തേ ഹി ധന്യാ ലഭന്തേ!

ജനനമരണങ്ങൾക്കു കാരണമാകുന്ന ദേവന്മാരെ സേവിച്ചാൽ ഒരു സുഖവും ലഭിയ്ക്കാനിടയില്ല. ജനനമരണങ്ങളില്ലാത്ത അമൃതരൂപിയായ മഹാദേവനെ സേവിയ്ക്കുന്നവർക്കു മാത്രമേ പരമസൌഖ്യം ലഭിയ്ക്കൂ!

ജനിമൃതിവശരാകും ദേവതാസേവ ചെയ്താ-
ലനിതരസുഖമൊന്നും ലഭ്യമല്ലെന്നു സിദ്ധം
ജനനമരണമില്ലാതുള്ള ഗൌരീശഭക്തർ-
ക്കനുപമസുഖമെന്നും ലഭ്യമെന്നും പ്രസിദ്ധം!

84

ശിവ തവ പരിചര്യാസന്നിധാനായ ഗൌര്യാ
ഭവ മമ ഗുണധുര്യാം ബുദ്ധികന്യാം പ്രദാസ്യേ
സകലഭുവനബന്ധോ സച്ചിദാനന്ദസിന്ധോ
സദയ ഹൃദയഗേഹേ സർവദാ സംവസ ത്വം!

എന്റെ ബുദ്ധിയാകുന്ന കന്യകയെ ഞാനിതാ നിന്റെ പരിചരണത്തിനും പാർവതിയുടെ ദാസ്യവൃത്തിക്കുമായി സമർപ്പിക്കുന്നു. നിങ്ങളിരുവരും ചേർന്നു സകലലോകങ്ങൾക്കും സഹായമായി, ആനന്ദക്കടലായി ചിരകാലം ഇവളുടെ കൂടെ എന്റെ മനോഗൃഹത്തിൽ വസിച്ചാലും!

തരുവനിവളെ ഞാനെൻ ബുദ്ധിയാം കന്യയേ നിൻ
പരിചരണവിധിക്കും പാർവതിക്കാളിയായും
ഇരുവരിവളൊടും ചേർന്നെന്മനോമന്ദിരത്തിൽ
മരുവുക ചിരകാലം സച്ചിദാനന്ദമൂർത്തേ!

85

ജലധിമഥനദക്ഷോ നൈവ പാതാളഭേദീ
ന ച വനമൃഗയായാം നൈവ ലുബ്ധഃ പ്രവീണഃ
അശനകുസുമഭൂഷാവസ്ത്രമുഖ്യാം സപര്യാം
കഥയ കഥമഹം തേ കൽപയാനീന്ദുമൌലേ?

(വിഷത്തിനും ചന്ദ്രനുംവേണ്ടി) കടൽ കടയാനോ, (പാമ്പുകൾക്കായി) പാതാളത്തിൽ പോകാനോ, (പുലിത്തോലിനായി) കാട്ടിൽ വേട്ടയാടാനോ എനിക്കറിയില്ല; അതുകൊണ്ട് നിന്റെ പൂജയ്ക്കുള്ള നിവേദ്യവും പൂക്കളും വസ്ത്രഭൂഷാദികളും ഞാനെങ്ങനെ സംഭരിക്കുമെന്നു പറഞ്ഞാലും!

കടലു കടയുവാനും നാഗലോകം ഗമിക്കാ-
നടവിയിലലയാനും തെല്ലെനിക്കില്ല വീര്യം
പുടവ,യരി,നിവേദ്യം പൂക്കളും നിന്റെ പൂജ-
യ്ക്കുടനുടനെവിടുന്നോ നേടുവാനിന്ദുമൗലേ?

86

പൂജാദ്രവ്യസമൃദ്ധയോ വിരചിതാഃ പൂജാം കഥം കുർമ്മഹേ
പക്ഷിത്വം ന ച വാ കിടിത്വമപി ന പ്രാപ്തം മയാ ദുർലഭം
ജാനേ മസ്തകമങ്ഘ്രിപല്ലവമുമാജാനേ ന തേഹം വിഭോ
ന ജ്ഞാതം ഹി പിതാമഹേന ഹരിണാ തത്ത്വേന തദ്രൂപിണാ!

പൂജാദ്രവ്യങ്ങൾ വേണ്ടുവോളമുണ്ടെങ്കിലും നിന്റെ ശിരസ്സു കാണാനുള്ള പക്ഷിത്വവും പാദങ്ങൾ തൊടാനുള്ള പന്നിത്വവും ലഭിയ്ക്കാത്തതു മൂലം എനിക്കു പൂജ തുടങ്ങാനാവുന്നില്ല. ബ്രഹ്മാവിനും വിഷ്ണുവിനും എത്ര ശ്രമിച്ചിട്ടും നിന്റെ യഥാർത്ഥരൂപം തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ല.

പൂജയ്ക്കുള്ളതൊരുക്കിവെച്ചു തുടരാനാവാതെ നിൽപ്പാണു ഞാ-
നോജസ്സറ്റു തുരക്കുവാൻ പടുതയില്ലൊട്ടും പറക്കാൻ വിഭോ!
തേജസ്സാർന്നൊരു നിന്റെ ശീർഷപദസാലോക്യം ലഭിച്ചില്ല,നി-
യ്ക്കോജസ്സറ്റു വിധിയ്ക്കു വിഷ്ണുവിനുമൊട്ടാവാത്ത നിൻദർശനം!

87

അശനം ഗരലം ഫണീ കലാപോ
വസനം ചർമ്മ ച വാഹനം മഹോക്ഷഃ
മമ ദാസ്യസി കിം കിമസ്തി ശംഭോ
തവ പാദാംബുജഭക്തിമേവ ദേഹി!

വിഷമാണു ഭക്ഷണം, പാമ്പാണു ഭൂഷണം, തോലാണു വസ്ത്രം, കാളയാണു വാഹനം. അപ്പോൾപ്പിന്നെ ഈ ദാസനു നൽകാൻ നിന്റെ പക്കലെന്തുണ്ട്? എനിക്കു പക്ഷേ നിന്റെ പാദഭക്തിയിൽ മാത്രമേ താൽപ്പര്യമുള്ളൂ!

ഫണിയാഭരണം, വിഷാശനം, മേ-
ലണിയാൻ തോലൊ,രു കാള വണ്ടിയെങ്കിൽ
പണമെന്തു തരാനെനിയ്ക്കു ശംഭോ
പണിയാൻ നിൻപദഭക്തിയേ വരം മേ!

88

യദാ കൃതാംഭോനിധിസേതുബന്ധനഃ
കരസ്ഥലാധഃകൃതപർവതാധിപഃ
ഭവാനി തേ ലങ്ഘിതപദ്മസംഭവഃ
തദാ ശിവാർച്ചാസ്തവഭാവനക്ഷമഃ!

(രാമനായി) കടലിൽ സേതു ബന്ധിച്ച്, (അഗസ്ത്യനായി) പർവതം കീഴടക്കി, (വിശ്വാമിത്രനായി) ബ്രഹ്മാവിനെ മറികടന്നെങ്കിൽ മാത്രമേ എനിയ്ക്ക ശിവാർച്ചനയെക്കുറിച്ചു ചിന്തിയ്ക്കാൻ പോലും കഴിയൂ!

കടൽ കടക്കാനണ കെട്ടിയും, മദോൽ-
ക്കടം കരത്താൽ മല കീഴമർത്തിയും
തടുത്തെതിർക്കും വിധിയോടിടഞ്ഞും
പടുത്വമാർന്നേ ശിവഭക്തി കൈവരൂ!

89

നതിഭിർനുതിഭിസ്ത്വമീശപൂജാ-
വിധിഭിർധ്യാനസമാധിഭിഃ ന തുഷ്ടഃ
ധനുഷാ മുസലേന ചാശ്മഭിർവാ
വദ തേ പ്രീതികരം തഥാ കരോമി!

നമസ്കാരമോ സ്തുതികളോ പൂജകളോ ധ്യാനസമാധികളോകൊണ്ടു തൃപ്തി വരുന്നില്ലെങ്കിൽ, പകരം വില്ലും കല്ലും ഉലയ്ക്കയുമാണ നിനക്കു പഥ്യമെങ്കിൽ പറയൂ, ഞാനങ്ങനെ ചെയ്യാം!

മധുരാമൃതനാമധാരപൂജാ-
വിധിയും ധ്യാനവുമല്ല ബോധ്യമെങ്കിൽ
അധികം ചില കല്ലു,ലയ്ക്ക,വേലാ-
യുധവും നൽകുവനർച്ചനയ്ക്കു ശംഭോ!

90

വചസാ ചരിതം വദാമി ശംഭോ-
രഹമുദ്യോഗവിധാസു തേപ്രസക്തഃ
മനസാ കൃതിമീശ്വരസ്യ സേവേ
ശിരസാ ചൈവ സദാശിവം നമാമി!

എന്റെ പേരിൽ മനസ്സു വെയ്ക്കണമെന്നു പറയാൻ അറിയില്ലെങ്കിലും നിന്നെ പക്ഷേ ഞാൻ കഥ പറഞ്ഞു സ്തുതിയ്ക്കുകയും മനസ്സുകൊണ്ടു സേവിയ്ക്കുകയും ശിരസ്സുകൊണ്ടു നമിയ്ക്കുകയും ചെയ്യാം.

പറയാം കഥ ഞാനെനിയ്ക്കു മറ്റി-
ല്ലറിവുദ്യോഗവഴിയ്ക്കു നിന്നെ ശംഭോ
നിറവായ് തവ രൂപമോർത്തുവെയ്ക്കാം
മുറപോലാദരവാൽ നമസ്കരിയ്ക്കാം!

91

ആദ്യാവിദ്യാ ഹൃദ്ഗതാ നിർഗതാസീ-
ദ്വിദ്യാ ഹൃദ്യാ ഹൃദ്ഗതാ ത്വത്പ്രസാദാത്
സേവേ നിത്യം ശ്രീകരം ത്വത്പദാബ്ജം
ഭാവേ മുക്തേർഭാജനം രാജമൌലേ!

നിന്റെ അനുഗ്രഹം മൂലം എന്റെ ഹൃദയത്തിലുണ്ടായിരുന്ന പ്രാകൃതമായ അജ്ഞാനം അകന്നുപോയി ഹൃദ്യമായ പരാവിദ്യ പ്രവേശിച്ചു കഴിഞ്ഞു. ഇനി ഞാൻ നിത്യവും നിന്നെ സേവിച്ചു മംഗളകരവും മുക്തിപ്രദവുമായ നിന്റെ പാദാംബുജം ധ്യാനിച്ചു കഴിഞ്ഞുകൊള്ളാം.

ജന്മം മൂലം വന്നൊരജ്ഞാനമെല്ലാം
നിന്മാഹാത്മ്യപ്രജ്ഞയാലിന്നൊഴിഞ്ഞു
സന്മാർഗത്തിന്മൂലമാം നിൻപദാബ്ജം
മേന്മേലെന്നും വാഴ്ത്തുവേനിന്ദുമൌലേ!

92

ദൂരീകൃതാനി ദുരിതാനി ദുരക്ഷരാണി
ദൌർഭാഗ്യദുഃഖദുരഹംകൃതിദുർവചാംസി
സാരം ത്വദീയചരിതം നിതരാം പിബന്തം
ഗൌരീശ മാമിഹ സമുദ്ധര സത്കടാക്ഷൈഃ!

സദാ സമയവും നിന്റെ പുണ്യകഥാമൃതം പാനം ചെയ്യാൻ അനുവദിച്ച ദുരിതവും ദുർവിധിയും ദൗർഭാഗ്യവും ദു:ഖവും ദുരഹങ്കാരവും ദുർവാക്കും ദൂരീകരിച്ച സത്കടാക്ഷം വഴി എന്നെ സമുദ്ധരിച്ചാലും!

തീരാത്തൊരെന്റെ ദുരിതം ദുരവസ്ഥ ദുർവി-
ചാരം ദുരാശ ദുരിശാദി ദുരന്തമെല്ലാം
ദൂരീകരിച്ച ഹര നീ ശിവമന്ത്രമന്ത:-
സാരം ഗ്രഹിക്കുവതിനെന്നെയനുഗ്രഹിയ്ക്കു!

93

സോമകലാധരമൌലൌ
കോമലഘനകന്ധരേ മഹാമഹസി
സ്വാമിനി ഗിരിജാനാഥേ
മാമകഹൃദയം നിരന്തരം രമതാം!

ചന്ദ്രക്കല ചൂടിയ, കഴുത്തിനു നീലനിറമുള്ള. ഉൾപ്രകാശത്തിന്റെ ഉറ വിടമായ, ഗിരിജാനാഥനായ, നിന്നിൽ എന്റെ ഹൃദയം സദാ സമയ വും രമിച്ചുകൊണ്ടിരിയ്ക്കട്ടെ!

സോമകലാധരനായ-
ക്കോമളരുചിനീലകണ്ഠ,ഗൌരിപതേ
ആമയമഖിലം തീർത്തെൻ
കാമദ ഹൃദയേ വസിയ്ക്കു നീ സതതം!

94

സാ രസനാ തേ നയനേ
താവേവ കരൌ സ ഏവ കൃതകൃത്യഃ
യാ യേ യോ യൌ ഭർഗം
വദതീക്ഷേതേ സദാർച്ചതഃ സ്മരതി!

ആരുടെ നാവും കണ്ണുകളും കൈകളുമാണോ സദാ ശിവനെകുറിച്ച് ചിന്തിച്ച് സ്തുതിച്ച് പൂജിയ്ക്കുന്നത്, അവരുടെ അതാതവയവങ്ങൾ കൃതകൃത്യമായിത്തീരുന്നു!

ആരുടെ നാവും മിഴിയും
കൈയും കൃതകൃത്യമായ് വരുവതെപ്പോൾ?
ആരുടെ കൈ,ക്കൺ,നാവും
ശിവനിൽ ചിന്താ,ജപാ,ർച്ചനോ,ത്സുകരിൽ!

95

അതിമൃദുലൌ മമ ചരണാ-
വതികഠിനം തേ മനോ ഭവാനീശ
ഇതി വിചികിത്സാം സംത്യജ
ശിവ കഥമാസീദ്ഗിരൌ തഥാ പ്രവേശഃ!

'എന്റെ പാദങ്ങൾ മൃദുലവും നിന്റെ മനസ്സ് കഠിനവുമാണെ'ന്ന സംശയം നീ നിശ്ശേഷം വെടിഞ്ഞാലും. എങ്കിൽപ്പിന്നെ നിനക്കെങ്ങനെ മലകളിൽ കയറാൻ കഴിഞ്ഞു?

എങ്കഴലിന്നതിമൃദുലം
നിങ്കരളെന്നും ബഹുകഠിനം, വെടിയുക
ശങ്കകളെല്ലാ,മെങ്കിൽ
ശങ്കരനെങ്ങനെ വന്മലമേലേറും?

96

ധൈര്യാങ്കുശേന നിഭൃതം
രഭസാദാകൃഷ്യ ഭക്തിശൃങ്ഖലയാ
പുരഹര ചരണാലാനേ
ഹൃദയമദേഭം ബധാന ചിദ്യന്ത്രൈഃ!

എന്റെ മനസ്സാകുന്ന മദയാനയെ ധൈര്യമാകുന്ന തോട്ടികൊണ്ടു വലിച്ച് നിശ്ചലനാക്കി ഭക്തിയായ ചങ്ങലകൊണ്ടു കെട്ടി വരിഞ്ഞു ചിദ് ബോധമായ നിന്റെ പാദത്തിൽ തളച്ചാലും!

ധൈര്യക്കരുത്തു വടിയാൽ
കരുതിച്ചേർത്തുള്ള ഭക്തിശൃംഖലയാൽ
ഹര, തവ ചരണത്തൂണിൽ
മദകരിയെന്മാനസത്തെ ബന്ധിയ്ക്ക!

97

പ്രചരത്യഭിതഃ പ്രഗൽഭവൃത്ത്യാ
മദവാനേഷ മനഃ കരീ ഗരീയാൻ
പരിഗൃഹ്യ നയേന ഭക്തിരജ്ജ്വാ
പരമസ്ഥാണുപദം ദൃഢം നയാമും!

അഹങ്കാരപൂർവം നാലുപാടും അലഞ്ഞുനടക്കുന്ന എന്റെ മനസ്സാകുന്ന മദയാനയെ നയത്തിൽ വശീകരിച്ച് ഭക്തിയുടെ കയറുകൊണ്ടു കെട്ടി പരമപദമായ മോക്ഷത്തിന്റെ തൂണിൽ ദൃഢമായി ബന്ധിച്ചാലും!

ജയഭേരി മുഴക്കി നാലുദിക്കൾ-
ഭയമേറ്റും മദയാനയെന്മനം, നീ
നയകോവിദ, ചെന്നടുത്തു ഭക്തി-
ക്കയറാൽ ശങ്കരചിത്തടേ തളയ്ക്ക!

98

സർവാലംകാരയുക്താം സരളപദയുതാം സാധുവൃത്താം സുവർണാം
സദ്ഭിഃസംസ്തൂയമാനാം സരസഗുണയുതാം ലക്ഷിതാം ലക്ഷണാഢ്യാം
ഉദ്യദ്ഭൂഷാവിശേഷാമുപഗതവിനയാം ദ്യോതമാനാർഥരേഖാം
കല്യാണീം ദേവ ഗൌരീപ്രിയ മമ കവിതാകന്യകാം ത്വം ഗൃഹാണ!

സുന്ദരിയും സുശീലയും ഗുണവതിയും സജ്ജനപ്രിയയുമായി, സർവാലങ്കാരങ്ങളും രത്നാഭരണങ്ങളുമണിഞ്ഞു ധനരേഖ തെളിയുന്ന കൈപ്പടവുമായി, ലക്ഷ്യവും ലക്ഷണവും ചേർന്നിണങ്ങി, സരളപദങ്ങളുമായി വരുന്ന എന്റെ കവിതാകന്യകയെ ഞാനിതാ നിനക്കു സമർപ്പിയ്ക്കുന്നു!

സർവാലങ്കാരയായ് സുന്ദരപദയുതയായ് സാധുവായ് വർണഭാസ്സായ്
സത്തുക്കൾക്കിഷ്ടയായ് സാരസഗുണവതിയായ് ലക്ഷണങ്ങൾക്കുണർവായ്
സർഗാവിർഭൂഷയായ് സൗഹൃദനയവിനയയായ് രൂപഭാവാർത്ഥസമ്പദ്-
സർവസ്വം കാവ്യമീയെന്മകളിവളെ മഹാദേവ, നീ സ്വീകരിയ്ക്കൂ!

99

ഇദം തേ യുക്തം വാ പരമശിവ കാരുണ്യജലധേ
ഗതൌ തിര്യഗ്രൂപം തവ പദശിരോദർശനധിയാ
ഹരിബ്രഹ്മാണൌ തൌ ദിവി ഭുവി ചരന്തൌ ശ്രമയുതൌ
കഥം ശംഭോ സ്വാമിൻ കഥയ മമ വേദ്യോസി പുരതഃ?

നിന്റെ ശിരസ്സും പാദവും കാണാൻ മൃഗപക്ഷിരൂപം ധരിച്ചു പണ്ടു ബ്രഹ്മാവും വിഷ്ണുവും ഭൂമിയിലും ആകാശത്തും അലഞ്ഞു നടന്ന കഥയോർക്കുമ്പോൾ പരമശിവനും കരുണാമയനുമായ നീയെനിയ്ക്കു നേരിട്ടു ദർശനം നൽകുന്നതിന്റെ യുക്തി പറഞ്ഞു തന്നാലും!

പുരാരേ നിന്നെക്കാണ്മതിനു വിധിയും വിഷ്ണുവുമുറ-
ച്ചോരിയ്ക്കൽ തിര്യക്കായ് ദിവിഭുവിയലഞ്ഞേൻ വിഫലമായ്
തിരിച്ചെത്തി ക്ഷീണിച്ചവരുടെ നിരാശാകുലമുഖം
സ്മരിയ്ക്കുമ്പോൾ നീയെന്നരികിലമരുന്നെങ്ങനെ വിഭോ?

100

സ്തോത്രേണാലമഹം പ്രവച്മി ന മൃഷാ ദേവാ വിരിഞ്ചാദയഃ
സ്തുത്യാനാം ഗണനാപ്രസങ്ഗസമയേ ത്വാമഗ്രഗണ്യം വിദുഃ
മാഹാത്മ്യാഗ്രവിചാരണപ്രകരണേ ധാനാതുഷസ്തോമവ-
ദ്ധൂതാസ്ത്വാം വിദുരുത്തമോത്തമഫലം ശംഭോ ഭവത്സേവകാഃ!

സ്തുത്യർഹരിൽ അഗ്രഗണ്യനായി നിന്നെയാണ് ബ്രഹ്മാദികൾ കാണുന്നത്. ഓരോ ദേവന്മാരുടേയും പതിരു ചേറി മഹത്വം നോക്കുന്ന ഭക്തന്മാരും സർവോത്തമഫലം നൽകുന്ന നിന്നെ കണ്ടറിയുന്നു. പടുവാക്കു പറയാത്ത ഞാനിതാ നിന്റെ ഈ സ്തോത്രം അവസാനിപ്പിയ്ക്കുന്നു!

വിദ്യാർത്ഥിയ്ക്കു പരീക്ഷപോലെ പതിരും നെല്ലും തിരിച്ചോതുവാ-
നദ്യോഗിച്ച ഗിരീശഭക്തരഖിലം വാഴ്ത്തുന്നു നീയേ മഹാൻ!
വേദ്യന്മാരുടെയെണ്ണമോർത്തു വിരൽ നീട്ടുന്ന ദേവാദികൾ-
ക്കാദ്യൻ നീ, വിടുഭാഷിയല്ല ഹര, ഞാൻ നിർത്തുന്നു നിൻ കീർത്തനം!

===